## CONSENT DECLARATION

## സമ്മത പ്രസ്താവന

**From:**
**അയക്കുന്നത്:**

**Borrower Name:**
**വായ്പക്കാരന്റെ പേര്:**

**Borrower Address:**
**വായ്പക്കാരന്റെ മേൽവിലാസം:**

**Co-Borrower 1 Name:**
**സഹ-വായ്പക്കാരൻ 1 പേര്:**

**Co-Borrower 1 Address:**
**സഹ-വായ്പക്കാരൻ 1 വിലാസം:**

**To:**
**സ്വീകർത്താവ്:**

Cholamandalam Investment and Finance Company Limited,
ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ്
'Chola Crest', C 54 & 55, Super B-4,
Thiru Vi Ka Industrial Estate,
Guindy,
Chennai -600032.
CIN: L65993TN1978PLC007576.

Sir/Madam,
സർ/മാഡം,

Ref: Application No.
സൂചന: അപേക്ഷാ നമ്പർ.

1. I/We declare that all the particulars, information and documents furnished/to be furnished by us for availing loan are/will be genuine and correct in all respects to the best of my/our knowledge and belief and I/we undertake to inform you of any changes therein, immediately. I am aware that the details and documents provided and uploaded electronically herein are with the assistance of CIFCL employees or its agents.
വായ്പ നേടുന്നതിനായി ഞങ്ങൾ സമർപ്പിച്ച/സമർപ്പിക്കാനിരിക്കുന്ന എല്ലാ വിവരങ്ങളും രേഖകളും എന്റെ/ഞങ്ങളുടെ പരമാവധി അറിവ് പ്രകാരം സത്യസന്ധവും കൃത്യവും ആണെന്ന്/ആയിരിക്കുമെന്ന് ഇതിനാൽ ഞാൻ/ഞങ്ങൾ പ്രഖ്യാപിക്കുകയും ഇതിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുന്നപക്ഷം, അക്കാര്യം നിങ്ങളെ ഉടൻ തന്നെ അറിയിക്കുന്നതാണെന്നും ഞങ്ങൾ ഉറപ്പുനൽകുകയും ചെയ്യുന്നു. ഇവിടെ ഇലക്ട്രോണിക് രൂപത്തിൽ നൽകിയിട്ടുള്ളതും അപ്ലോഡ് ചെയ്തിട്ടുള്ളതുമായ വിവരങ്ങളും രേഖകളും CIFCL ജീവനക്കാരുടെയോ അവരുടെ ഏജന്റുമാരുടെയോ സഹായത്തോടെയാണ് എന്ന് എനിക്ക് ബോധ്യമുണ്ട്.
2. In case any particulars and information furnished by me/us is/are found to be false or untrue or misleading or misrepresenting, I/We am/are aware that I/we may be held liable for it. I/We authorize Cholamandalam Investment and Finance Company Limited (CIFCL) & its associates or any other person to retain/share all the particulars, information and documents, verify or share any information for credit appraisals or any other purpose.
ഞാൻ/ഞങ്ങൾ നൽകിയിട്ടുള്ള ഏതെങ്കിലും വിവരങ്ങളും രേഖകളും തെറ്റോ, വാസ്തവവിരുദ്ധമോ, തെറ്റിദ്ധാരണ ഉണ്ടാക്കുന്നതോ, അല്ലെങ്കിൽ തെറ്റായി അവതരിപ്പിച്ചിരിക്കുന്നുവെന്നോ തെളിഞ്ഞാൽ, അതിന്റെ ഉത്തരവാദിത്തം എനിക്ക്/ഞങ്ങൾക്ക് ആയിരിക്കും എന്ന് എനിക്ക്/ഞങ്ങൾക്ക് ബോധ്യമുണ്ട്. എല്ലാ വിവരങ്ങളും രേഖകളും സൂക്ഷിക്കാനും, ക്രെഡിറ്റ് വിലയിരുത്തലിനോ മറ്റ് ആവശ്യങ്ങൾക്കോ വേണ്ടി ഏതെങ്കിലും വിവരങ്ങൾ പരിശോധിക്കാനും പങ്കുവെക്കാനും ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് (CIFCL.), അതിന്റെ അനുബന്ധ സ്ഥാപനങ്ങൾ, അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിയ്ക്ക്, ഞാൻ/ഞങ്ങൾ ഇതിനാൽ അധികാരം നൽകുന്നു.
3. I/We hereby authorize Cholamandalam Investment and Finance Company Limited (CIFCL) and its tele-calling service providers to record and retain the tele-conversation/voice call between myself/ourselves and employee of CIFCL for the purpose of verifying my/our personal information, carrying out quality checks, complying with statutory/regulatory requirements and for any other lending related activities. I/We understand that the said recording may contain my/our personal information/data such as name, address, date of birth, PAN, employment, income and credit information.

നിയമപരമായ/റെഗുലേറ്ററി ആവശ്യകതകൾ പാലിക്കുന്നതിനും അനുസ്യൂതമായി എന്റെ/ഞങ്ങളുടെ വ്യക്തിഗത വിവരങ്ങൾ പരിശോധിക്കുന്നതിനും, ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനും, വായ്പയുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കുമായി ഞാനും/ഞങ്ങളും CIFCL ജീവനക്കാരനും തമ്മിലുള്ള ടെലി-സംഭാഷണം/വോയ്സ് കോൾ റെക്കോർഡ് ചെയ്യാനും സൂക്ഷിക്കുവാനും ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് (CIFCL.) അതിന്റെ ടെലി-കോളിംഗ് സേവന ദാതാക്കൾക്കും ഞാൻ/ഞങ്ങൾ ഇതിനാൽ അധികാരം നൽകുന്നു. മേൽപ്പറഞ്ഞ റെക്കോർഡിംഗിൽ എന്റെ/ഞങ്ങളുടെ പേര്, വിലാസം, ജനനത്തീയതി, PAN കാർഡ് വിവരങ്ങൾ, തൊഴിൽ, വരുമാനം, ക്രെഡിറ്റ് വിവരങ്ങൾ തുടങ്ങിയ വ്യക്തിഗത വിവരങ്ങൾ/ഡാറ്റ ഉൾക്കൊള്ളാൻ സാധ്യതയുണ്ടെന്ന് ഞാൻ/ഞങ്ങൾ മനസ്സിലാക്കുന്നു.

4. I/We hereby declare that I/we am/are not making this application in contravention of any Act, Rules, Regulations or any statute or legislation or any notifications/directions issued by any governmental or statutory authority from time to time. I/We am/are well aware that the sanction/ rejection of my/our loan application is at the sole and absolute discretion of CIFCL. I/We represent and agree the funds shall be used for the Purpose specified above and will not be used for any illegal, speculative or antisocial purpose. I/We confirm that no insolvency proceedings or suits for recovery of outstanding dues have been initiated and / or are pending against me.

   ഞാൻ/ഞങ്ങൾ ഈ അപേക്ഷ സമർപ്പിക്കുന്നത് നിലവിലുള്ള ഏതെങ്കിലും നിയമം, ചട്ടങ്ങൾ, റെഗുലേഷനുകൾ, കൂടാതെ സർക്കാർ അല്ലെങ്കിൽ നിയമപരമായ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള അറിയിപ്പുകൾ/നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായിട്ടല്ല എന്ന് ഞാൻ/ഞങ്ങൾ ഇതിനാൽ പ്രഖ്യാപിക്കുന്നു. എന്റെ/ഞങ്ങളുടെ വായ്പാ അപേക്ഷയുടെ അനുമതി/ നിരസിക്കൽ CIFCL-ന്റെ ഏകപക്ഷവും സമ്പൂർണ്ണവുമായ വിവേചനാധികാരത്തിലാണെന്ന് എനിക്ക്/ഞങ്ങൾക്ക് നന്നായി അറിയാവുന്നതാണ്. മുകളിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്ക് മാത്രമേ ഈ പണം ഉപയോഗിക്കൂ എന്നും, ഇത് യാതൊരുവിധ നിയമവിരുദ്ധമായതോ, ഊഹക്കച്ചവടത്തിനായുള്ളതോ, സാമൂഹിക വിരുദ്ധമായതോ ആയ കാര്യങ്ങൾക്കായി ഉപയോഗിക്കില്ല എന്നും ഞാൻ/ഞങ്ങൾ ഇതിനാൽ സമ്മതിക്കുകയും ഉറപ്പു നൽകുകയും ചെയ്യുന്നു.. എന്റെ പേരിൽ നിലവിൽ പാപ്പരത്ത നടപടികൾ അല്ലെങ്കിൽ കുടിശ്ശിക ഈടാക്കുന്നതിനുള്ള കേസുകൾ ആരംഭിച്ചിട്ടില്ലെന്നും, കൂടാതെ/അല്ലെങ്കിൽ അങ്ങനെയുള്ള യാതൊരു കാര്യവും നിലവിൽ തീർപ്പാകാതെ ഇല്ലെന്നും ഞാൻ/ഞങ്ങൾ ഇതിനാൽ സ്ഥിരീകരിക്കുന്നു.

5. I/We confirm that my/our annual household income is more than three (3) lakhs rupees that is to say, the annual income of my/our family unit, i.e., (husband, wife, and unmarried children) and therefore, my/our borrowing under the present facility does not qualify to be treated as a microfinance loan.

എന്റെ/ഞങ്ങളുടെ വാർഷിക വരുമാനം അതായത് (ഭർത്താവ്, ഭാര്യ, അതായത് (ഭാര്യ, ഭർത്താവ്, അവിവാഹിതരായ കുട്ടികൾ എന്നിവരടങ്ങുന്ന) ഞങ്ങളുടെ കുടുംബ യൂനിറ്റിന്റെ വാർഷിക വരുമാനം മൂന്ന് (3) ലക്ഷം രൂപയ്ക്ക് മുകളിലായതിനാൽ, ഈ ഫെസിലിറ്റിയിലൂടെ ഞാൻ/ഞങ്ങൾ എടുക്കുന്ന വായ്പയെ ഒരു മൈക്രോഫിനാൻസ് വായ്പയായി ആയി കണക്കാക്കാൻ അർഹതയില്ലാത്തതാകുന്നു.

6. I/We have read and understood the fees and charges as may be applicable to the Loan that I may avail from time to time. I/We am/are aware that admin & processing fee and applicable taxes are non-refundable, and no transaction has been made in cash. I/We are directly or indirectly not related to the Directors of CIFCL as contemplated under provision of the Companies Act, 2013 and are not Politically Exposed Person as per KYC guidelines of RBI. I/We shall adhere to all norms of CIFCL in force from time to time and intimate the company upon any changes in the above status. I/We have/will not suppressed/suppress any information that might affect CIFCL's decision.

   കാലാകാലങ്ങളിൽ ഞാൻ എടുക്കുന്ന വായ്പയ്ക്ക് ബാധകമായേക്കാവുന്ന എല്ലാ ഫീസുകളും ചാർജുകളും ഞാൻ/ഞങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. അഡ്മിൻ ഫീസും, പ്രോസസ്സിംഗ് ഫീസും, ബാധകമായ നികുതികളും തിരികെ ലഭിക്കില്ല എനിക്ക്/ഞങ്ങൾക്ക് അറിയാവുന്നതാണ് കൂടാതെ, പണമായി യാതൊരു ഇടപാടും നടത്തിയിട്ടില്ലാത്തതുമാണ്. 2013 ലെ കമ്പനീസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം, CIFCL -ന്റെ ഡയറക്ടർമാരുമായി എനിക്ക്/ഞങ്ങൾക്ക് നേരിട്ടോ അല്ലാതെയോ ബന്ധമില്ലാത്തതാണ്, കൂടാതെ RBI-യുടെ KYC മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് രാഷ്ട്രീയമായി അറിയപ്പെടുന്ന വ്യക്തിയുമല്ല. കാലാകാലങ്ങളിൽ പ്രാബല്യത്തിൽ വരുന്ന CIFCL-ന്റെ എല്ലാ നിബന്ധനകളും ഞാൻ/ഞങ്ങൾ പാലിക്കുന്നതാണ് കൂടാതെ മുകളിൽ സൂചിപ്പിച്ച അവസ്ഥയിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായാൽ അക്കാര്യം കമ്പനിയെ അറിയിക്കുകയും ചെയ്യുന്നതാണ്. CIFCL-ന്റെ തീരുമാനത്തെ ബാധിച്ചേക്കാവുന്ന ഒരു വിവരവും ഞാൻ/ഞങ്ങൾ മറച്ചുവച്ചിട്ടില്ല/മറച്ചു വയ്ക്കുകയില്ല.

7. I/We, give my/our consent to download my/our KYC Records from the Central KYC Registry (CKYCR), only for the purpose of verification of my/our identity and address from the database of CKYCR. I/We understand that my/our KYC Record includes my/our personal information such as my/our name, address, date of birth, PAN number, etc. Further, I/We hereby consent to receive information from CKYCR through SMS/Email on the number/e-mail address provided to you.

   CKYCR-ന്റെ ഡാറ്റാബേസിൽ നിന്ന് എന്റെ/ഞങ്ങളുടെ ഐഡന്റിറ്റിയും വിലാസവും പരിശോധിക്കുന്നതിനായി മാത്രം സെൻട്രൽ KYC രജിസ്ട്രിയിൽ (CKYCR) നിന്ന് എന്റെ/ഞങ്ങളുടെ KYC റെക്കോർഡുകൾ ഡൗൺലോഡ് ചെയ്യുന്നതിന് ഞാൻ/ഞങ്ങൾ എന്റെ/ഞങ്ങളുടെ സമ്മതം നൽകുന്നു. എന്റെ/ഞങ്ങളുടെ KYC റെക്കോർഡിൽ എന്റെ/ഞങ്ങളുടെ പേര്, വിലാസം, ജനനത്തീയതി, PAN നമ്പർ മുതലായ വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടുന്നുവെന്ന് ഞാൻ/ഞങ്ങൾ മനസ്സിലാക്കുന്നു.

കൂടാതെ, നിങ്ങൾക്ക് നൽകിയ നമ്പർ/ഇ-മെയിൽ വിലാസത്തിൽ SMS/ഇമെയിൽ വഴി CKYCR ൽ നിന്ന് വിവരങ്ങൾ സ്വീകരിക്കുന്നതിന് ഞാൻ/ഞങ്ങൾ ഇതിനാൽ സമ്മതിക്കുന്നു.

8. In the event of any update to the KYC proof which was already submitted by me/us with you, I/ We undertake to submit a selfattested copy of the updated KYC proof within 30 days of such update. Likewise, if there is any change to the details of beneficial ownership of applicant/co- applicant, the same will be updated immediately along with KYC proof of ultimate beneficial owner(s).

ഞാൻ/ഞങ്ങൾ നിങ്ങൾക്ക് സമർപ്പിച്ച KYC തെളിവിൽ എന്തെങ്കിലും പുതുക്കൽ ഉണ്ടായാൽ, അത്തരം പുതുക്കലിന് ശേഷം 30 ദിവസത്തിനുള്ളിൽ പുതുക്കിയ KYC തെളിവിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് സമർപ്പിക്കാൻ ഞാൻ/ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അതുപോലെ, അപേക്ഷകന്റെയോ സഹ അപേക്ഷകന്റെയോ ഗുണഭോക്തൃ ഉടമസ്ഥാവകാശത്തിന്റെ വിശദാംശങ്ങളിൽ എന്തെങ്കിലും മാറ്റം വന്നാൽ, അത് അവസാന ഗുണഭോക്തൃ ഉടമയുടെ/ഉടമകളുടെ KYC തെളിവ് സഹിതം ഉടനടി അപ്ഡേറ്റ് ചെയ്യുന്നതാണ്.

9. I/We hereby voluntarily submit the copy of Aadhaar card/physical e-Aadhaar/ masked Aadhaar as issued by UIDAI (Aadhaar) to CIFCL as my/our identity and address proof. I/We am/are also aware and informed that besides Aadhaar any other documents also may be furnished as identity and address proof as per the options permitted by CIFCL. I/We provide my/our explicit consent to CIFCL to verify the Aadhaar for granting the facility applied by me/us. If I/We submit the Aadhaar xml file as proof of address/identity, CIFCL may decrypt and store the same for records and for the purpose of decryption they may use the services of a third party. CIFCL has explained to me/us that the identity and address available in the Aadhaar may be shared by CIFCL for the purposed of such credit and field verification as may be deemed necessary by CIFCL in the course of their due diligence.

CIFCL എന്റെ/ഞങ്ങളുടെ തിരിച്ചറിയൽ, മേൽവിലാസ തെളിവായി UIDAI (ആധാർ) നൽകിയ ആധാർ കാർഡ്/ഫിസിക്കൽ ഇ-ആധാർ/ മാസ്ക് ചെയ്ത ആധാർ എന്നിവയുടെ പകർപ്പ് ഞാൻ/ഞങ്ങൾ സ്വമേധയാ സമർപ്പിക്കുന്നു. CIFCL അനുവദിച്ചിട്ടുള്ള ഓപ്ഷനുകൾ അനുസരിച്ച് ആധാറിന് പുറമേ മറ്റ് ഏതെങ്കിലും രേഖകൾ തിരിച്ചറിയൽ രേഖയായും മേൽവിലാസത്തിന്റെ തെളിവായും നൽകാമെന്ന് എനിക്ക്/ഞങ്ങൾക്ക് അറിയാവുന്നതും അറിയിച്ചിട്ടുള്ളതുമാണ്. ഞാൻ/ഞങ്ങൾ അപേക്ഷിച്ച ഫെസിലിറ്റി നൽകുന്നതിന് ആധാർ പരിശോധിക്കാൻ ഞാൻ/ഞങ്ങൾ CIFCL ന് എന്റെ/ഞങ്ങളുടെ വ്യക്തമായ സമ്മതം നൽകുന്നു. വിലാസം/തിരിച്ചറിയൽ തെളിവായി ഞാൻ/ഞങ്ങൾ ആധാർ xml ഫയൽ സമർപ്പിക്കുകയാണെങ്കിൽ, റെക്കോർഡുകൾക്കായി CIFCL-ന് അത് ഡീക്രിപ്റ്റ് ചെയ്യുകയും സ്റ്റോർ ചെയ്യുകയുമാവാം, കൂടാതെ ഡീക്രിപ്ഷൻ ആവശ്യത്തിനായി അവർക്ക് ഒരു മൂന്നാം കക്ഷിയുടെ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്. CIFCL. അവരുടെ കൃത്യനിഷ്ഠ പാലിക്കുന്നതിനായി ആവശ്യമാണെന്ന് കരുതുന്ന ക്രെഡിറ്റ്, ഫീൽഡ് വെരിഫിക്കേഷൻ ആവശ്യങ്ങൾക്കായി ആധാറിൽ ലഭ്യമായ ഐഡന്റിറ്റിയും വിലാസവും CIFCL പങ്കിട്ടേക്കാമെന്ന് CIFCL എനിക്ക്/ഞങ്ങൾക്ക് വിശദീകരിച്ചു തന്നിട്ടുണ്ട്.

10. I/We hereby consent to sign the loan related documents electronically by adhering to the processes and authentication techniques specified under the Information Technology Act,2000 including the authentication of e-sign by Aadhaar or other e-KYC service.

ആധാർ അല്ലെങ്കിൽ മറ്റ് ഇ-KYC സേവനം മുഖാന്തിരം ഇ-സൈൻ പ്രാമാണീകരിക്കുന്നത് ഉൾപ്പെടെ, ഇൻഫർമേഷൻ ടെക്നോളജി ആക്ട്, 2000 പ്രകാരം വ്യക്തമാക്കിയിട്ടുള്ള പ്രക്രിയകളും പ്രാമാണീകരണ സാങ്കേതിക വിദ്യകളും പാലിച്ചുകൊണ്ട് വായ്പയുമായി ബന്ധപ്പെട്ട രേഖകളിൽ ഇലക്ട്രോണിക് ആയി ഒപ്പിടാൻ ഞാൻ/ഞങ്ങൾ ഇതിനാൽ സമ്മതിക്കുന്നു.

11. I/We declare that I/we don't have any trade/business transactions/links with persons belonging to the jurisdictions identified and listed by the Financial Action Task Force, which is an inter- governmental body, in their public statement/s for deficiencies in AntiMoney Laundering and/or Combating of Financing of Terrorism

കള്ളപ്പണം വെളുപ്പിക്കൽ തടയുന്നതിലും കൂടാതെ/അല്ലെങ്കിൽ തീവ്രവാദത്തിന് ധനസഹായം നൽകുന്നത് ചെറുക്കുന്നതിലുമുള്ള പോരായ്മകൾക്ക്, അന്തർ-സർക്കാർ സ്ഥാപനമായ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് അവരുടെ പൊതു പ്രസ്താവന/കളിൽ രേഖപ്പെടുത്തിയിട്ടുള്ള ജൂറിസ്ട്രിക്ഷനുകളിലുള്ള വ്യക്തികളുമായി എനിക്ക്/ഞങ്ങൾക്ക് യാതൊരുവിധ വ്യാപാര/ബിസിനസ്സ് ഇടപാടുകൾ/ ബന്ധങ്ങൾ ഇല്ല എന്ന് ഞാൻ/ഞങ്ങൾ ഇതിനാൽ പ്രഖ്യാപിക്കുന്നു.

12. I/We hereby authorize CIFCL to obtain credit report from any credit information companies to check my/our credit worthiness. I/We consent that the reference contacts provided by me/us may be contacted for verification of my/our identity and repayment capability. I/We agree and accept that CIFCL may in its sole discretion, by its self or through authorised persons, advocate, agencies, bureau,etc. verify any information given, check credit references, employment details and obtain credit reports to determine creditworthiness from time to time. I/We hereby authorize CIFCL to obtain my/our profession details from official profession registration bodies to check my/our profession validity.

ഞാൻ/ഞങ്ങൾ ഇതുവഴി CIFCL-ന് എന്റെ/ഞങ്ങളുടെ ക്രെഡിറ്റ് യോഗ്യത പരിശോധിക്കുന്നതിനായി ഏതെങ്കിലും ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളിൽ നിന്ന് ക്രെഡിറ്റ് റിപ്പോർട്ട് നേടുന്നതിനുള്ള അനുമതി നൽകുന്നു. എന്റെ/ഞങ്ങളുടെ തിരിച്ചറിയലും തിരിച്ചടവ് ശേഷിയും പരിശോധിക്കുന്നതിനായി ഞാൻ/ഞങ്ങൾ നൽകിയിരിക്കുന്ന റഫറൻസ് വ്യക്തികളെ ബന്ധപ്പെടുന്നതിനും ഞാൻ/ഞങ്ങൾ സമ്മതിക്കുന്നു. CIFCL-ന് സ്വന്തം നിലയിലോ അതിന്റെ അധികൃത പ്രതിനിധികൾ, അഭിഭാഷകർ, ഏജൻസികൾ, ബ്യൂറോകൾ എന്നിവരിലൂടെയോ ഞാൻ/ഞങ്ങൾ നൽകിയ വിവരങ്ങൾ പരിശോധിക്കാനും, ക്രെഡിറ്റ് റഫറൻസുകളും തൊഴിൽ സംബന്ധമായ വിവരങ്ങളും സ്ഥിരീകരിക്കാനും, കാലാകാലങ്ങളിൽ എന്റെ/ഞങ്ങളുടെ ക്രെഡിറ്റ് യോഗ്യത നിർണയിക്കുന്നതിനായി ക്രെഡിറ്റ് റിപ്പോർട്ടുകൾ ശേഖരിക്കാനും പൂർണ്ണ വിവേചനാധികാരം ഉണ്ടെന്ന് ഞാൻ/ഞങ്ങൾ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. കൂടാതെ, എന്റെ/ഞങ്ങളുടെ തൊഴിൽ സാധുത പരിശോധിക്കുന്നതിനായി ഔദ്യോഗിക തൊഴിൽ രജിസ്ട്രേഷൻ സ്ഥാപനങ്ങളിൽ നിന്ന് എന്റെ/ഞങ്ങളുടെ തൊഴിൽ സംബന്ധമായ വിവരങ്ങൾ CIFCL ശേഖരിക്കുന്നതിനും ഞാൻ/ഞങ്ങൾ ഇതുവഴി അനുമതി നൽകുന്നു.

13. I/We hereby permit you to send SMS/email/notifications and call me for communicating/ ion relating to:

താഴെപ്പറയുന്നവയുമായി ബന്ധപ്പെട്ട ആശയവിനിമയത്തിന് SMS/ഇമെയിൽ/നോട്ടിഫിക്കേഷനുകൾ അയക്കുന്നതിനും എന്നെ വിളിക്കുന്നതിന്/ആശയവിനിമയം നടത്തുന്നതിന് ഞാൻ/ഞങ്ങൾ ഇതിനാൽ നിങ്ങളെ അനുവദിക്കുന്നു.

- any transactional messages related to my loan account/s (Mandatory);

  എന്റെ/ഞങ്ങളുടെ വായ്പ അക്കൗണ്ടു/കളുമായി ബന്ധപ്പെട്ട ഇടപാട് സന്ദേശങ്ങൾ (നിർബന്ധിതം).

Tick the boxes to opt for such non-transactional communication;

ഇത്തരം ഇടപാടില്ലാത്ത ആശയവിനിമയങ്ങൾ തെരഞ്ഞെടുക്കുവാൻ താഴെ കാണുന്ന കോളങ്ങളിൽ ടിക് ചെയ്യുക.

☑ any commercial, marketing and promotional messages relating to the loans/services or such other related products;

വായ്പകൾ/സേവനങ്ങൾ അല്ലെങ്കിൽ അതുപോലുള്ള മറ്റ് അനുബന്ധ ഉൽപ്പന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഏതെങ്കിലും വാണിജ്യ, വിപണന, പ്രൊമോഷണൽ സന്ദേശങ്ങൾ;

☑ any season greetings including birth/wedding day greetings.

ജന്മദിനം/വിവാഹ വാർഷിക ആശംസകൾ ഉൾപ്പെടെയുള്ള ഏതെങ്കിലും ആശംസകൾ.

Note: Applicant can modify/revoke the consent granted for non-transactional communication by approaching CIFCL.

കുറിപ്പ്: അപേക്ഷകന് CIFCL-നെ സമീപിച്ച് ഇടപാടില്ലാത്ത ആശയവിനിമയത്തിനുള്ള സമ്മതം മാറ്റാനും/റദ്ദാക്കാനും സാധിക്കും.

14. I/We request CIFCL to facilitate insurance policy cover for life, health, accident etc and request for finance by CIFCL, if approved.

ലൈഫ്, ഹെൽത്ത്, അപകടം തുടങ്ങിയവയ്ക്കുള്ള ഇൻഷുറൻസ് പോളിസി പരിരക്ഷ ലഭ്യമാക്കുന്നതിനും, അംഗീകരിക്കുകയാണെങ്കിൽ CIFCL-ൽ നിന്ന് ധനസഹായം അഭ്യർത്ഥിക്കുന്നതിനും ഞാൻ / ഞങ്ങൾ CIFCL-നോട് അഭ്യർത്ഥിക്കുന്നു.

Thanking you,
നന്ദിപൂർവ്വം,

Yours truly,
വിശ്വസ്തതയോടെ,

For
വേണ്ടി

Borrower
വായ്പക്കാരന്

Co-Borrower 1
സഹ-വായ്പക്കാരൻ 1

**Cholamandalam Investment and Finance Company Ltd.**
ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ്,
Chola Crest, Plot Nos. C 54-55 & Super B-4, Thiru.Vi.Ka Industrial Estate,
Guindy, Chennai - 600032. India. Email: customercare@chola.murugappa.com
Guindy, Chennai - 600032. India: ഇമെയിൽ: customercare@chola.murugappa.com
Toll- Free No.: 1800 102 4565 | CIN: L65993TN1978PLC007576
ടോൾ-ഫ്രീ നമ്പർ:.1800 102 4565 | CIN: L65993TN1978PLC007576

Name & Signature
പേരും ഒപ്പും:

Name & Signature
പേരും ഒപ്പും:

**Acceptance of the Borrower**

**വായ്പക്കാരനിൽ നിന്നുള്ള സ്വീകാര്യത.**

To,
സ്വീകർത്താവ്

M/s. Cholamandalam Investment and Finance Company Limited.
എം/എസ് ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ്
Chola Crest', C 54 & 55, Super B-4,
Thiru Vi Ka Industrial Estate,
Guindy,
Chennai - 600 032.

I/We can read and understand the terms in English. I/We agree to receive all documents/correspondence in English.

എനിക്ക്/ഞങ്ങൾക്ക് ഇംഗ്ലീഷിലുള്ള നിബന്ധനകൾ വായിക്കാനും മനസ്സിലാക്കാനുമാവും. എല്ലാ രേഖകളും/കറസ്പോണ്ടൻസും ഇംഗ്ലീഷിൽ സ്വീകരിക്കാൻ ഞാൻ/ഞങ്ങൾ സമ്മതിക്കുന്നു.

I hereby confirm that I/we have read and understood all the terms and conditions of sanction of the loan facility dated 03-02-2026 extended to me and give my unconditional acceptance for the sanctioned facility as per the said terms and conditions.

03-02-2026 തീയതിയിൽ എനിക്ക് അനുവദിച്ച വായ്പാ ഫെസിലിറ്റിയുടെ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഞാൻ/ഞങ്ങൾ വായിച്ചു മനസ്സിലാക്കിയിട്ടുണ്ടെന്നും പ്രസ്തുത നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് അനുവദിച്ച ഫെസിലിറ്റിക്ക് എന്റെ നിരുപാധിക സമ്മതം അറിയിക്കുന്നുവെന്നും ഞാൻ ഇതിനാൽ സ്ഥിരീകരിക്കുന്നു.

I/We may execute this Sanction Letter and Loan documents in any electronic/digital form (where applicable) by affixing digital/electronic signature or through an OTP (One Time Password) and/or e-link sent to our declared mobile number or e-mail ID and/or by clicking 'I Agree/Accept' button or any other mode, which shall be a binding contract between Borrower and CIFCL.

ഈ അനുമതി കത്തും വായ്പാ രേഖകളും ഏതെങ്കിലും ഇലക്ട്രോണിക്/ഡിജിറ്റൽ രൂപത്തിൽ (ബാധകമാകുന്നിടത്ത്) ഡിജിറ്റൽ/ഇലക്ട്രോണിക് ഒപ്പ് പതിച്ചുകൊണ്ടോ അല്ലെങ്കിൽ ഞങ്ങളുടെ പ്രഖ്യാപിത മൊബൈൽ നമ്പറിലേക്കോ ഇ-മെയിൽ ഐഡിയിലേക്കോ അയച്ച OTP (വൺ ടൈം പാസ്വേഡ്) കൂടാതെ/അല്ലെങ്കിൽ ഇ-ലിങ്ക് വഴിയോ 'ഞാൻ സമ്മതിക്കുന്നു/അംഗീകരിക്കുന്നു' ബട്ടൺ ക്ലിക്ക് ചെയ്തോ മറ്റേതെങ്കിലും രീതിയിലോ നടപ്പിലാക്കാൻ എനിക്ക്/ഞങ്ങൾക്ക് സാധിക്കുന്നതാണ്, ഇത് വായ്പക്കാരനും CIFCL-ഉം തമ്മിലുള്ള ഒരു ബാധ്യതാ കരാറായിരിക്കും.

Further, I hereby give my consent to deduct Insurance premium payable in relation to the insurance scheme, if any, agreed and opted for by me/us from the loan amount at the time of disbursal.

കൂടാതെ, വായ്പ വിതരണം ചെയ്യുന്ന സമയത്ത് ഞാൻ/ഞങ്ങൾ സമ്മതിച്ചതും തിരഞ്ഞെടുത്തതുമായ ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് നൽകേണ്ട ഇൻഷുറൻസ് പ്രീമിയം, എന്തെങ്കിലും ഉണ്ടെങ്കിൽ, അത് വായ്പ തുകയിൽ നിന്ന് കുറയ്ക്കാൻ ഞാൻ ഇതിനാൽ എന്റെ സമ്മതം നൽകുന്നു.

Read, understood and accepted
വായിച്ചു, മനസ്സിലാക്കി, അംഗീകരിച്ചു

For
വേണ്ടി

Borrower
വായ്പക്കാരന്

Co-Borrower 1
സഹ-വായ്പക്കാരൻ 1

Name & Signature
പേരും ഒപ്പും:

Name & Signature
പേരും ഒപ്പും:

## LOAN AGREEMENT- DROPLINE FLEXI SMALL ENTERPRISE LOAN
## വായ്പാ കരാർ – ഡ്രോപ്‌ലൈൻ ഫ്ലെക്സി ചെറുകിട സംരംഭ വായ്പ

This Loan Agreement- Dropline Flexi Small Enterprise Loan **('Agreement')** is made on the date as set out in Schedule by and between: The Borrower and Co-Borrower/s more particularly described and set out in the Schedule hereof (hereinafter referred to as **'the Borrower'** and which expressions shall unless repugnant to the context or meaning thereof, be deemed to mean and include his/her/its their respective heirs, executors, administrators, nominees, attorneys, and legal representatives (where the Borrower is an individual/sole proprietor), permitted assigns and successors-in-interest as the case may be, (where the Borrower is a company within the meaning of the Companies Act, 2013 or any other body corporate) the partners from time to time of the firm, their survivor(s) and the heirs, executors, administrators, legal representatives, nominees and successors of the partners(where the Borrower is a partnership firm)) of the FIRST PART

ഈ വായ്പാ കരാർ- ഡ്രോപ്‌ലൈൻ ഫ്ലെക്സി ചെറുകിട സംരംഭ വായ്പ **('കരാർ')** ഷെഡ്യൂൾ പ്രകാരം) -തീയതിയിൽ ഇനിപ്പറയുന്നവരാൽ പരസ്പരം രൂപപ്പെടുത്തിയിട്ടുള്ളതാണ്: ഇതിന്റെ ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്നതും കൂടുതൽ വ്യക്തമായി വിവരിച്ചിരിക്കുന്നതുമായ വായ്പക്കാരൻ, സഹവായ്പക്കാരൻ/ർ (ഇനി മുതൽ **വായ്പക്കാരൻ,'** എന്ന് പരാമർശിക്കപ്പെടുന്നു), സന്ദർഭത്തിനോ അർത്ഥത്തിനോ വിരുദ്ധമല്ലാത്ത പക്ഷം, ഈ പദപ്രയോഗങ്ങൾ അർത്ഥമാക്കുന്ന അവന്റെ/അവളുടെ/ഇതിന് അവരുടെ അവകാശികൾ, എക്സിക്യൂട്ടീവുകൾ, അഡ്മിനിസ്ട്രേറ്റർമാർ, നോമിനികൾ, അറ്റോർണികൾ, നിയമപരമായ പ്രതിനിധികൾ (വായ്പക്കാരൻ ഒരു വ്യക്തി/ഏക ഉടമയാണെങ്കിൽ), സാഹചര്യമനുസരിച്ച് അനുവദനീയമായ അസൈനികൾ, പിൻഗാമികൾ, (വായ്പക്കാരൻ കമ്പനി നിയമം, 2013 അല്ലെങ്കിൽ മറ്റേതെങ്കിലും ബോഡി കോർപ്പറേറ്റ് എന്നിവയുടെ അർത്ഥത്തിൽ ഉൾപ്പെടുന്ന ഒരു കമ്പനിയാണെങ്കിൽ) കാലാകാലങ്ങളിലെ സ്ഥാപനത്തിന്റെ പാർട്ണർമാർ, അവരുടെ അതിജീവിത(ർ), ഒന്നാം ഭാഗത്തിന്റെ അവകാശികൾ, എക്സിക്യൂട്ടർമാർ, അഡ്മിനിസ്ട്രേറ്റർമാർ,

നിയമപരമായ പ്രതിനിധികൾ, നോമിനികൾ, പാർട്ണർമാരുടെ പിൻഗാമികൾ (വായ്പക്കാരൻ ഒരു പാർട്ണർഷിപ്പ് സംരംഭമാണെങ്കിൽ) ഒന്നാം കക്ഷിയായും

The Guarantor/s, more particularly described and set out in the Schedule hereof (hereinafter referred to as **'the Guarantor'** which expressions shall unless repugnant to the context or meaning thereof, be deemed to mean and include his/her/its/their respective heirs, executors, administrators, nominees, attorneys, and legal representatives (where the Guarantor is an individual/sole proprietor), permitted assigns and successors-in-interest as the case may be, (where the Guarantor is a company within the meaning of the Companies Act, 2013 or any other body corporate) the partners from time to time of the firm, their survivor(s) and the heirs, executors, administrators, legal representatives, nominees and successors of the partners(where the Guarantor is a partnership firm)) of the SECOND PART

ഇതിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നതും കൂടുതൽ വ്യക്തമായി വിവരിച്ചിരിക്കുന്നതുമായ ജാമ്യക്കാരൻ/ർ, (ഇനിമുതൽ **'ജാമ്യക്കാരൻ'** എന്ന് പരാമർശിക്കപ്പെടുന്നു) സന്ദർഭത്തിനോ അർത്ഥത്തിനോ വിരുദ്ധമല്ലെങ്കിൽ ഇനിപ്പറയുന്നവ അർത്ഥമാക്കുന്നവർ ഉൾപ്പെടെ അയാളുടെ/അവളുടെ/ഇതിന്റെ/അവരുടെ അവകാശികൾ, എക്സിക്യൂട്ടർമാർ, അഡ്മിനിസ്ട്രേറ്റർമാർ, നോമിനികൾ, അറ്റോർണികൾ, നിയമപരമായ പ്രതിനിധികൾ (ജാമ്യക്കാരൻ ഒരു വ്യക്തി/ഏക ഉടമയാണെങ്കിൽ), അനുവദനീയമായ അസൈനുകൾ, താൽപ്പര്യമുള്ള പിൻഗാമികൾ, (ജാമ്യക്കാരൻ 2013 ലെ കമ്പനി ആക്ടിന്റെയോ മറ്റേതെങ്കിലും ബോഡി കോർപ്പറേറ്റ് പ്രകാരമോ ഉള്ള ഒരു കമ്പനിയാണെങ്കിൽ) സ്ഥാപനത്തിന്റെ കാലാകാലങ്ങളിലെ പാർട്ണർമാർ, അവരുടെ അതിജീവിത/ർ, അവകാശികൾ, എക്സിക്യൂട്ടർമാർ, അഡ്മിനിസ്ട്രേറ്റർമാർ, നിയമപരമായ പ്രതിനിധികൾ, നോമിനികൾ, പങ്കാളികളുടെ പിൻഗാമികൾ (ജാമ്യക്കാരൻ ഒരു പാർട്ണർഷിപ്പ് സ്ഥാപനമാണെങ്കിൽ) രണ്ടാം കക്ഷിയായും

AND
കൂടാതെ

Cholamandalam Investment and Finance Company Limited, a company incorporated and registered under the Companies Act, 1956 and having its Registered Office at 'Chola Crest', C 54 & 55, Super B-4, Thiru Vi Ka Industrial Estate, Guindy, Chennai - 600 032, (hereinafter referred to as **'the Company'**, which expression shall unless it be repugnant to the context or meaning thereof mean and include its successors and assigns) of the THIRD PART

കമ്പനി നിയമം, 1956 പ്രകാരം സ്ഥാപിതമാവുകയും രജിസ്റ്റർ ചെയ്തിട്ടുള്ളതും, Chola Crest', C 54 & 55, Super B-4, Thiru Vi Ka Industrial Estate, Guindy, Chennai - 600 032 എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്ത ഓഫീസുള്ളതുമായ ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് (ഇനിമുതൽ**"കമ്പനി"** എന്ന് പരാമർശിക്കപ്പെടുന്നു), ഈ പദപ്രയോഗം സന്ദർഭവുമായി പൊരുത്തപ്പെടാത്തതോ അർത്ഥത്തിന് വിരുദ്ധമല്ലാത്തതോ ആണെങ്കിൽ അതിന്റെ പിൻഗാമികളെയും അസൈനികളെയും ഉൾക്കൊള്ളുന്നതായി കണക്കാക്കപ്പെടുന്നതാണ്) മൂന്നാം കക്ഷിയായും.

The Borrower, Guarantor and the Company shall hereinafter collectively be referred to as the **'Parties'** and individually as a 'Party'.

വായ്പക്കാരൻ(ർ), ജാമ്യക്കാരൻ(ർ), കമ്പനി എന്നിവയെ ഇനിമുതൽ കൂട്ടായി "**കക്ഷികൾ**" എന്നും വ്യക്തിപരമായി "കക്ഷി" എന്നും പരാമർശിക്കപ്പെടുന്നതാണ്.

WHEREAS:

അതേസമയം:

A. The Company is a non-banking finance company inter alia engaged in the business of providing loans/credit facilities to various customers.

പ്രധാനമായും വിവിധ ഉപഭോക്താക്കൾക്ക് വായ്പകൾ/ക്രെഡിറ്റ് സൗകര്യങ്ങൾ നൽകുന്ന ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു കമ്പനി ഒരു നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനിയാണ്.

B. The Borrower has requested the Company for loan facility for the purpose more fully described in the Loan Application and Schedule Hereunder

വായ്പാ അപേക്ഷയിലും ഷെഡ്യൂളിലും പൂർണ്ണമായി വിവരിച്ചിട്ടുള്ള ഉദ്ദ്യേശത്തിനായി വായ്പക്കാരൻ കമ്പനിയോട് സാമ്പത്തിക സഹായം അഭ്യർത്ഥിച്ചിട്ടുണ്ട് താഴെപ്പറയും പ്രകാരം

C. The Guarantor has requested the Company to extend the said loan facility to the Borrower and in consideration for the above, the Guarantor has agreed to guarantee to the Company the due performance by the Borrower of the contractual terms and conditions contained herein and discharge all liabilities as stipulated in this Loan Agreement;

വായ്പക്കാരന് ഈ വായ്പാ സൗകര്യം നൽകണമെന്ന് ജാമ്യക്കാരൻ കമ്പനിയോട് അഭ്യർത്ഥിക്കുകയും, മുകളിൽ പറഞ്ഞ കാര്യങ്ങൾ പരിഗണിച്ച്, ഇതിൽ അടങ്ങിയിരിക്കുന്ന കരാർ നിബന്ധനകളും വ്യവസ്ഥകളും വായ്പക്കാരൻ കമ്പനിക്ക് ഉറപ്പുനൽകുമെന്നും ഈ വായ്പാ കരാറിൽ പറഞ്ഞിരിക്കുന്നതു പ്രകാരം എല്ലാ ബാധ്യതകളും തീർപ്പാക്കുമെന്നും ജാമ്യക്കാരൻ സമ്മതിച്ചിട്ടുമുള്ളതാകുന്നു;

D. The Company relying upon the representations made by the Borrower and Guarantor has agreed to provide the Loan sought to the Borrower, upon the terms and conditions stipulated hereinafter;

വായ്പക്കാരനും ജാമ്യക്കാരനും നൽകിയ ഉറപ്പുകളിൽ വിശ്വാസമർപ്പിച്ച്, താഴെ പറയുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് വായ്പക്കാരൻ ആവശ്യപ്പെട്ട വായ്പ നൽകാൻ കമ്പനി സമ്മതിച്ചിരിക്കുന്നു.

**NOW, THEREFORE,** in consideration of the foregoing and other good and valid consideration, the receipt and adequacy of which is expressly acknowledged, the Parties hereby agree as follows:

**ഇപ്പോൾ,ആയതിനാൽ,** മേൽപ്പറഞ്ഞതും മറ്റ് നല്ലതും സാധുവായതുമായ പരിഗണനയും കണക്കിലെടുത്ത്, അവയുടെ സ്വീകാര്യതയും പര്യാപ്തതയും വ്യക്തമായി അംഗീകരിച്ച്, കക്ഷികൾ ഇതിനാൽ ഇനിപ്പറയുന്ന രീതിയിൽ സമ്മതിക്കുന്നു:

**1. DEFINITIONS AND INTERPRETATIONS**

നിർവചനങ്ങളും വ്യാഖ്യാനങ്ങളും

**(a) Definitions:**

**നിർവ്വചനങ്ങൾ:**

For the purposes of this Agreement, unless the context otherwise requires:

സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടുന്നില്ലെങ്കിൽ ഈ കരാറിന്റെ ഉദ്ദേശ്യങ്ങൾക്കായി:

**'Affiliate'** means, with respect to (i) any Party, any other Person directly or indirectly Controlling, Controlled by or under common Control with such Party; (ii) in respect of a natural Person, shall also include a Relative of such natural Person and any Person who is Controlled by or is under common Control with such Relative;

**'അഫിലിയേറ്റ്'**എന്നാൽ (i) ഏതെങ്കിലും കക്ഷിയെ സംബന്ധിച്ചിടത്തോളം, അത്തരം കക്ഷി നേരിട്ടോ അല്ലാതെയോ നിയന്ത്രിക്കുന്ന, നിന്ത്രിക്കപ്പെടുന്ന അല്ലെങ്കിൽ പൊതുവായ നിയന്ത്രണത്തിലുള്ള മറ്റേതെങ്കിലും വ്യക്തിയും; (ii) ഒരു സ്വാഭാവിക വ്യക്തിയുടെ കാര്യത്തിൽ, അത്തരം സ്വാഭാവിക വ്യക്തിയുടെ ഒരു ബന്ധുവും അത്തരം ബന്ധുവിനാൽ നിയന്ത്രിക്കപ്പെടുന്ന അല്ലെങ്കിൽ പൊതുവായ നിയന്ത്രണത്തിലുള്ള ഏതൊരു വ്യക്തിയും ഉൾപ്പെടും;

**'Agreement'** means and includes this Agreement, together with all the schedules, exhibits, addendums, attachments and appendices annexed hereto and all amendments/supplements hereto and restatements hereof;

**'കരാർ'** എന്നാൽ ഈ കരാർ, ഇതോടൊപ്പം ചേർത്തിരിക്കുന്ന എല്ലാ ഷെഡ്യൂളുകൾ, രേഖകൾ, അനുബന്ധങ്ങൾ, അറ്റാച്ചുമെന്റുകൾ, അനുബന്ധങ്ങൾ, ഇതിലേക്കുള്ള എല്ലാ ഭേദഗതികൾ/സപ്ലിമെന്റുകൾ, പുനഃപ്രസ്താവനകൾ എന്നിവ ഉൾപ്പെടുന്നു;

**'Annual Maintenance Charge'** means charge payable by the Borrower to the Company annually on or before the end of each anniversary from the date of this agreement

**'വാർഷിക പരിപാലന ചാർജ്'** എന്നത്, ഈ കരാറിന്റെ തീയതി മുതൽ ഓരോ വാർഷിക കാലയളവിന്റെയും അവസാനത്തോടടുക്കെയോ അതിന് മുമ്പോ, വായ്പയെടുക്കുന്നയാൾ കമ്പനിയ്ക്ക് പ്രതിവർഷം അടയ്ക്കേണ്ട ചാർജിനെ സൂചിപ്പിക്കുന്നു.

**'Applicable Law'** means all applicable:

**'ബാധകമായ നിയമം'**എന്നാൽ ബാധകമായ ഇനിപ്പറയുന്നതെല്ലാം എന്നാണ് അർത്ഥമാക്കുന്നത്:

a. statutes, enactments, acts of legislature or parliament, laws, ordinances, rules, bye-laws, regulations, listing agreements, notifications, guidelines or policies issued by any Governmental Authority; and

ചട്ടങ്ങൾ, നിയമങ്ങൾ, നിയമസഭയുടെയോ പാർലമെന്റിന്റെയോ നിയമങ്ങൾ, നിയമങ്ങൾ, ഓർഡിനൻസുകൾ, റൂളുകൾ, ഉപനിയമങ്ങൾ, റെഗുലേഷനുകൾ, ലിസ്റ്റിംഗ് കരാറുകൾ, അറിയിപ്പുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ അതോറിറ്റി പുറപ്പെടുവിച്ച നയങ്ങൾ; കൂടാതെ

b. administrative interpretation, writ, injunction, directions, directives, judgement, arbitral award, decree, orders or Governmental Approvals of, or agreements with, any Governmental Authority, as may be in force from time to time in any relevant jurisdiction;

ഭരണപരമായ വ്യാഖ്യാനം, റിട്ട്, ഇൻജങ്ക്ഷൻ, മാർഗ്ഗ നിർദ്ദേശങ്ങൾ, ഡയറക്ടീവുകൾ, വിധി, ആർബിട്രൽ അവാർഡ്, ഡിക്രി, ഉത്തരവുകൾ അല്ലെങ്കിൽ സർക്കാർ അംഗീകാരങ്ങൾ, അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ അതോറിറ്റിയുമായുള്ള കരാറുകൾ, പ്രസക്തമായ ഏതെങ്കിലും അധികാരപരിധിയിൽ കാലാകാലങ്ങളിൽ പ്രാബല്യത്തിൽ വരുന്നതുപോലെ;

**'Business Day'** means a day on which the Company and banks are open for business in Chennai and location of the drawee bank on which the Repayment Mode is drawn;

**'ബിസിനസ് ദിനം'** എന്നാൽ കമ്പനിയും ബാങ്കുകളും ചെന്നൈയിലും തിരിച്ചടവ് രീതി ഡ്രോ ചെയ്യുന്ന ബാങ്കിന്റെ ലൊക്കേഷനിലും ബിസിനസ്സിനായി തുറന്നിരിക്കുന്ന ദിവസവും എന്നാണ് അർത്ഥമാക്കുന്നത്;

**'Control'** together with its grammatical variations when used with respect to any Person, shall mean and include the power to direct the management and policies of such Person, directly or indirectly, whether individually or jointly with other persons, through the ownership of the vote carrying securities, by contract or otherwise howsoever;

**'നിയന്ത്രണം'** എന്നത് ഏതെങ്കിലും വ്യക്തിയുമായി ബന്ധപ്പെട്ട് ഉപയോഗിക്കുമ്പോൾ അതിന്റെ വ്യാകരണ വ്യതിയാനങ്ങൾക്കൊപ്പം, കരാറിലൂടെയോ മറ്റേതെങ്കിലും വിധത്തിലോ, വോട്ട് വഹിക്കുന്ന സെക്യൂരിറ്റികളുടെ ഉടമസ്ഥാവകാശത്തിലൂടെ, നേരിട്ടോ അല്ലാതെയോ, വ്യക്തിപരമായോ മറ്റ് വ്യക്തികളുമായി സംയുക്തമായോ, അത്തരം വ്യക്തിയുടെ മാനേജ്മെന്റും നയങ്ങളും നിർദ്ദേശിക്കുവാനുള്ള അധികാരത്തെയാണ് അർത്ഥമാക്കുന്നത്;

' Cheque/ Mandate**Bounce Charges'** means an amount payable by the Borrower to the Company as a penalty where ECS/NACH or any other Mandate issued by the Borrower is not honoured by the bank, or any other Repayment Mode is returned or not honoured;

ചെക്ക് / മാൻഡേറ്റ് ബൗൺസ് ചാർജുകൾ എന്നാൽ ECS/NACH അല്ലെങ്കിൽ വായ്പക്കാരൻ പുറപ്പെടുവിച്ച മറ്റേതെങ്കിലും മാൻഡേറ്റ് ബാങ്ക് പാലിക്കാത്തതോ, മറ്റേതെങ്കിലും തിരിച്ചടവ് രീതി പാലിക്കാതെ മടങ്ങിയതോ ആയ സാഹചര്യത്തിൽ വായ്പക്കാരൻ കമ്പനിക്ക് പിഴയായി നൽകേണ്ട തുകയാണ് അർത്ഥമാക്കുന്നത്;

**'Drawing Limit'** means the amount available to be borrowed by the Borrower at any given point in time arrived at by reducing the Dropline Amount along with other withdrawals from the relevant Drawing Limit and addition because of Prepayment.

**'പിൻവലിക്കൽ പരിധി'** എന്നാൽ, ബന്ധപ്പെട്ട പിൻവലിക്കൽ പരിധിയിൽ നിന്നും ഡ്രോപ്പ്ലൈൻ തുകയും, മറ്റ് പിൻവലിക്കലുകളും കുറയ്ക്കുകയും, മുൻകൂർ പേയ്മെന്റ് കാരണമുള്ള കൂട്ടിച്ചേർക്കലിനും ശേഷം, ഒരു നിശ്ചിത സമയത്ത് വായ്പക്കാരന് വായ്പയ്ക്ക് ലഭ്യമായ തുകയാണ്.

**'Dropline Amount'** means the amount equal to the principal portion of Instalment arrived as if the Loan amount is to be repaid as term loan together with the applicable Interest Rate payable herein for the Loan Tenure specified in the Schedule. Accordingly, the Dropline Amount for each Due Date shall be arrived immediately after the disbursal of Loan and remain fixed during the Loan Term.

**'ഡ്രോപ്പ്ലൈൻ തുക'**എന്നാൽ ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള വായ്പാ കാലയളവിൽ ഇവിടെ നൽകേണ്ട ബാധകമായ പലിശ നിരക്കിനൊപ്പം, വായ്പ തുക ടേം ലോണായി തിരിച്ചടയ്ക്കേണ്ടതായി വരുമ്പോൾ, ലഭിച്ച ഗഡുക്കളിൽ മുതലിന് തുല്യമായ തുക എന്നാണ് അർത്ഥമാക്കുന്നത്. അതനുസരിച്ച്, ഓരോ അവസാന തീയതിയിലേക്കുമുള്ള ഡ്രോപ്പ്ലൈൻ തുക വായ്പ വിതരണം ചെയ്ത ഉടൻ തന്നെ ലഭ്യമാവുകയും വായ്പാ കാലയളവിൽ സ്ഥിരമായി തുടരുകയും ചെയ്യും.

**'Due Date',** means, the date on which the Instalment of the Loan and /or any other amount payable under this Agreement is due for payment under any clause of this Agreement.

**'അവസാന തീയതി',** എന്നാൽ, ഈ കരാറിന് കീഴിൽ അടയ്ക്കേണ്ട വായ്പയുടെ ഗഡുവും / അല്ലെങ്കിൽ മറ്റേതെങ്കിലും തുകയും ഈ കരാറിന്റെ ഏതെങ്കിലും വ്യവസ്ഥയ്ക്ക് കീഴിൽ അടയ്ക്കേണ്ട തീയതി എന്നാണ് അർത്ഥമാക്കുന്നത്.

**'Electronic Clearing Services'** or **'ECS'/ 'National Automated clearing house'** or **'NACH'** means a debit clearing service including **E-NACH** and **'Mandate'** means any mandates notified by Reserve Bank of India including ECS/NACH, the participation in which it has been consented to in writing by the Borrower for facilitating payment of Instalments under this Loan agreement.

**'ഇലക്ട്രോണിക് ക്ലിയറിംഗ് സർവീസസ്'** അല്ലെങ്കിൽ **'ECS'/ 'നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ്'** അല്ലെങ്കിൽ **'NACH'**' എന്നാൽ **E-NACH** ഉൾപ്പെടെയുള്ള ഡെബിറ്റ് ക്ലിയറിംഗ് സർവീസ് കൂടാതെ **'മാൻഡേറ്റ്'**എന്നാൽ ഈ വായ്പാ കരാറിന് കീഴിലുള്ള തവണകൾ അടയ്ക്കുന്നതിന് സൗകര്യമൊരുക്കുന്നതിന് വായ്പക്കാരൻ രേഖാമൂലം സമ്മതം നൽകിയ പങ്കാളിത്തമായ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അറിയിച്ച ECS/NACH ഉൾപ്പെടെയുള്ള ഒരു ഡെബിറ്റ് ക്ലിയറിംഗ് സേവനമാണ്.

**'Instalments'** means the amount of monthly payments required to be paid to the Company in order to repay the Loan and includes principal amount of the Loan and/or interest, as the case may be in line with the terms of this Agreement.

**'ഗഡുക്കൾ'** എന്നാൽ വായ്പ തിരിച്ചടയ്ക്കുന്നതിന് കമ്പനിക്ക് നൽകേണ്ട പ്രതിമാസ പേയ്മെന്റുകളുടെ തുകയാണ്, കൂടാതെ/അല്ലെങ്കിൽ ഈ കരാറിന്റെ നിബന്ധനകൾക്ക് അനുസൃതമായേക്കാവുന്നതിനാൽ, വായ്പയുടെ മുതലും പലിശയും ഇതിൽ ഉൾപ്പെടുന്നു.

**'Interest Rate'** means the rate of interest in relation to the Loan as mentioned in Schedule;

**'പലിശ നിരക്ക്'** എന്നാൽ ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ വായ്പയുമായി ബന്ധപ്പെട്ട പലിശ നിരക്ക് എന്നാണ് അർത്ഥമാക്കുന്നത്;

**'Loan Application'** means the Loan application, in the form and manner prescribed and acceptable to the Company together with such documents and information as may be required by the Company, filled in and submitted by the Borrower, Guarantor (if any) in physical or electronic form to the Company requesting Dropline Flexi Small Enterprise Loan;

**'വായ്പ അപേക്ഷ'**എന്നാൽ കമ്പനി നിർദ്ദേശിക്കുന്നതും സ്വീകാര്യവുമായ ഫോമിലും രീതിയിലും കമ്പനി ആവശ്യപ്പെടുന്ന രേഖകളും വിവരങ്ങളും സഹിതം, വായ്പക്കാരൻ, ജാമ്യക്കാരൻ (ആരെങ്കിലും ഉണ്ടെങ്കിൽ) ഡ്രോപ്പ്ലൈൻ ഫ്ലെക്സി ചെറുകിട സംരംഭ വായ്പ അഭ്യർത്ഥിച്ചുകൊണ്ട് കമ്പനിക്ക് ഭൗതികമായോ ഇലക്ട്രോണിക് രൂപത്തിലോ പൂരിപ്പിച്ച് സമർപ്പിക്കുന്ന വായ്പാ അപേക്ഷയെയാണ് അർത്ഥമാക്കുന്നത്;

**'Loan'** means the dropline flexi small enterprise loan provided by the Company to Borrower upto a maximum of principal amount as specified in the Schedule.

**'വായ്പ'** എന്നാൽ ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള പരമാവധി മൂലധനം വരെ കമ്പനി വായ്പക്കാരന് നൽകുന്ന ഡ്രോപ്പ്ലൈൻ ഫ്ലെക്സി ചെറുകിട സംരംഭ വായ്പ എന്നാണ് അർത്ഥമാക്കുന്നത്.

**'Loan Documents'** means collectively:

**''വായ്പ രേഖകൾ'** എന്നാൽ മൊത്തത്തിൽ അർത്ഥമാക്കുന്നത്:

a. Loan Application
വായ്പ അപേക്ഷാ നമ്പർ:

b. Sanction letter
അനുമതി കത്ത്

c. this Agreement
ഈ കരാർ

d. Welcome Letter
സ്വാഗത കത്ത്

e. any other document executed from time to time in relation to the Loan to which the Borrower, Guarantor and/or the Company is a party and any other agreement or document which the Company designates as a Loan Document;

വായ്പക്കാരൻ, ജാമ്യക്കാരൻ കൂടാതെ/അല്ലെങ്കിൽ കമ്പനി എന്നിവർ കക്ഷിയായിരിക്കുന്ന വായ്പയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ തയ്യാറാക്കുന്ന മറ്റേതെങ്കിലും രേഖയും കമ്പനി വായ്പാ രേഖയായി നിയുക്തമാക്കുന്ന മറ്റേതെങ്കിലും കരാറോ രേഖയോ;

**'Loan Tenure'** shall mean the tenure of the Loan as specified in Schedule;

**'വായ്പ കാലാവധി'** എന്നാൽ ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള വായ്പയുടെ കാലാവധി എന്നാണ് അർത്ഥമാക്കുന്നത്;

**'Outstanding Dues'** means, at any time, all the amounts outstanding and payable or obligations to be performed by the Borrower to the Company, pursuant to the terms of this Agreement and/or any other Loan Documents, including but not limited to the following;

**'കുടിശ്ശികകൾ'** എന്നാൽ, ഏത് സമയത്തും, ഈ കരാറിലെ നിബന്ധനകൾക്കും കൂടാതെ/അല്ലെങ്കിൽ മറ്റ് ഏതെങ്കിലും വായ്പ രേഖകൾക്കും അനുസൃതമായി, ഇനിപ്പറയുന്നവ ഉൾപ്പെടെ എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെ വായ്പക്കാരൻ കമ്പനിക്ക് നൽകേണ്ട കുടിശ്ശികയും നൽകേണ്ടതുമായ എല്ലാ തുകയും കൂടാതെ അല്ലെങ്കിൽ ബാധ്യതകളും എന്നാണ് അർത്ഥമാക്കുന്നത്;

a. the principal amount(s) of the Loan;

വായ്പയുടെ മുതൽ തുക(കൾ);

b. the interest on the Loan;

വായ്പയ്ക്ക് മേലുള്ള പലിശ;

c. all other obligations and liabilities of the Borrower, compensations, liquidated damages, costs, charges, expenses and other fees and interest incurred under, arising out of or in connection with this Agreement and/or any other Loan Documents (either severally or jointly); and

വായ്പക്കാരന്റെ മറ്റ് എല്ലാ ബാധ്യതകളും ബാധ്യതകളും, നഷ്ടപരിഹാരങ്ങൾ, ലിക്വിഡേറ്റഡ് നാശനഷ്ടങ്ങൾ, ചെലവുകൾ, ചാർജുകൾ, ചെലവുകൾ, മറ്റ് ഫീസുകൾ, പലിശ എന്നിവ ഈ കരാറുമായോ കൂടാതെ/അല്ലെങ്കിൽ മറ്റ് ഏതെങ്കിലും വായ്പാ പ്രമാണങ്ങളുമായി ബന്ധപ്പെട്ടോ (വ്യത്യസ്തമായി അല്ലെങ്കിൽ സംയുക്തമായി) ഉണ്ടാകുന്നതോ അല്ലെങ്കിൽ ഉണ്ടാകുന്നതോ ആയവ; കൂടാതെ

d. any and all expenses or sum incurred by the Company for the enforcement of and collection of any amounts due under this Agreement and/or any other Loan Documents including expenses of enforcement and realisation;

ഈ കരാറിന്റെയും/അല്ലെങ്കിൽ മറ്റ് വായ്പാ രേഖകളുടെയും പ്രകാരം കുടിശ്ശികയായിട്ടുള്ള തുകകളുടെ നിർവ്വഹണത്തിനും ഈടാക്കലിനുമായി കമ്പനി വഹിക്കുന്ന ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ചെലവുകളും തുകയും, നിർവ്വഹണവും തുക തിരിച്ചുപിടിക്കലും (realisation) സംബന്ധമായ ചെലവുകൾ ഉൾപ്പെടെ.

**'Penal Charges' shall have the meaning ascribed to it in clause 8 of this Agreement:**

**"പിഴ ചാർജുകൾക്ക്" ഈ വായ്പാ കരാറിന്റെ ആർട്ടിക്കിൾ 8 ൽ പറഞ്ഞിരിക്കുന്ന അർത്ഥം ഉണ്ടായിരിക്കും.**

**'Prepayment'** means repayment of part or full Loan drawn by the Borrower ahead of the Due Date/s which does not amount to Preclosure.

**'മുൻകൂർ പേയ്മെന്റ്'** എന്നാൽ അവസാന തീയതി/കൾക്ക് മുൻപായി വായ്പക്കാരൻ നടത്തുന്ന പിൻവലിച്ച വായ്പയുടെ ഭാഗികമായതോ പൂർണ്ണമായോ ഉള്ള തിരിച്ചടവ് എന്നാണ് അർത്ഥമാക്കുന്നത്, ഇത് പ്രീക്ലോഷറിന് തുല്യമല്ല.

**'Preclosure'** means premature repayment of the entire Outstanding Dues in the loan account before the expiry of the Loan Tenure.

**'മുൻകൂർ തീർപ്പാക്കൽ'** എന്നാൽ വായ്പാ കാലാവധി അവസാനിക്കുന്നതിന് മുമ്പ് വായ്പ അക്കൗണ്ടിലെ മുഴുവൻ കുടിശ്ശികയും മുൻകൂറായി തിരിച്ചടയ്ക്കുക എന്നാണ് അർത്ഥമാക്കുന്നത്.

**'Preclosure Charge'** means the amount payable by the Borrower to the Company as penalty for Preclosure, details of which are provided in Schedule;

**'മുൻകൂർ തീർപ്പാക്കൽ ചാർജ് '** എന്നാൽ വായ്പക്കാരൻ കമ്പനിക്ക് 'മുൻകൂർ തീർപ്പാക്കലിന് പിഴയായി നൽകേണ്ട തുക എന്നാണ് അർത്ഥമാക്കുന്നത്, അതിന്റെ വിശദാംശങ്ങൾ ഷെഡ്യൂളിൽ നൽകിയിരിക്കുന്നു;

**'Repayment Modes'** means the payment of the Instalments and the Outstanding Dues, as the case may be, on or before the Due Dates(s), by any of the following modes, which options are set out in Schedule:

**'തിരിച്ചടവ് രീതികൾ'** എന്നാൽ, നിശ്ചിത തീയതികളിലോ അതിനുമുമ്പോ ഗഡുക്കകളും കുടിശ്ശികകളും ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്ന ഇനിപ്പറയുന്ന ഏതെങ്കിലും രീതികളിൽ അടയ്ക്കുന്നതിനെയാണ് അർത്ഥമാക്കുന്നത്

a. ECS/NACH/E-NACH;

   ECS/NACH/E-NACH;

b. NEFT/RTGS;

   NEFT/RTGS;

c. Standing instructions at the bank; and

   ബാങ്കിലെ സ്റ്റാൻഡിങ് നിർദ്ദേശങ്ങൾ; കൂടാതെ

d. Any other instrument available from time to time and is explicitly agreed by the Company.

   കാലാകാലങ്ങളിൽ ലഭ്യമാവുന്നതും കമ്പനി വ്യക്തമായി സമ്മതിക്കുന്നതുമായ മറ്റേതെങ്കിലും രേഖ.

   **'RBI'** means the Reserve Bank of India;
   **'RBI'**എന്നാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നാണ് അർത്ഥമാക്കുന്നത്;

'**Sanction Letter'** means the letter issued by the Company to the Borrower sanctioning the Loan and it mentions relevant particulars, terms and conditions of the Loan

**'അനുമതി കത്ത്'** എന്നാൽ വായ്പ അനുവദിച്ചുകൊണ്ട് അതിന്റെ പ്രസക്തമായ വിശദാംശങ്ങളും നിബന്ധനകളും വ്യവസ്ഥകളും പരാമർശിക്കുന്ന കമ്പനി വായ്പക്കാരന് നൽകുന്ന കത്ത് എന്നാണ് അർത്ഥമാക്കുന്നത്,.

**'Schedule'** means the Schedule to this Agreement.

**'ഷെഡ്യൂൾ'** എന്നാൽ ഈ വായ്പാ കരാറിന്റെ ഷെഡ്യൂൾ എന്നാണ് അർത്ഥമാക്കുന്നത്.

**'Welcome Letter'** means the letter issued by the Company to the Borrower, after the execution of this Agreement, highlighting the most important obligations of the Borrower arising out of this Agreement.

**'സ്വാഗത കത്ത്'** എന്നാൽ ഈ കരാർ നടപ്പിലാക്കിയ ശേഷം കമ്പനി വായ്പക്കാരന് നൽകുന്ന ഈ കരാറിൽ നിന്ന് ഉണ്ടാകുന്ന വായ്പക്കാരന്റെ ഏറ്റവും പ്രധാനപ്പെട്ട ബാധ്യതകൾ വ്യക്തമാക്കുന്ന കത്ത് എന്നാണ് അർത്ഥമാക്കുന്നത്,

**(b) Interpretation**

വാഖ്യാനം

a. all capitalised words and expressions used anywhere in this Agreement shall have the meaning as ascribed to such words and expressions defined by inclusion in quotation and parenthesis

ഈ കരാറിൽ എവിടെയെങ്കിലും ഉപയോഗിച്ചിരിക്കുന്ന എല്ലാ വലിയ അക്ഷരത്തിലുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ഉദ്ധരണിയിലും പരാൻതീസിസിലും ഉൾപ്പെടുത്തി നിർവചിച്ചിരിക്കുന്ന അത്തരം വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും നൽകിയിരിക്കുന്ന അർത്ഥം ഉണ്ടായിരിക്കും.

b. Unless the context otherwise requires,words denoting the singular shall include the plural and vice- versa;

സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടുന്നില്ലെങ്കിൽ, ഏകവചനത്തെ സൂചിപ്പിക്കുന്ന പദങ്ങളിൽ ബഹുവചനവും ഉൾപ്പെടും കൂടാതെ തിരിച്ചും;

c. the table of contents, headings and the use of bold typeface, are inserted for ease of reference and shall be ignored in the construction and interpretation of the Agreement;

ഉള്ളടക്കത്തിന്റെ പട്ടിക, തലക്കെട്ടുകൾ, ബോൾഡ് ടൈപ്പ്ഫേസിന്റെ ഉപയോഗം എന്നിവ റഫറൻസിന്റെ എളുപ്പത്തിനായി ചേർത്തിട്ടുള്ളതും കരാറിന്റെ നിർമ്മാണത്തിലും വ്യാഖ്യാനത്തിലും അവ അവഗണിക്കപ്പെടുന്നതുമാണ്;

d. a reference to a Clause or Schedule is, unless indicated to the contrary, a reference to a Clause or Schedule to this Agreement;

ഒരു വ്യവസ്ഥ അല്ലെങ്കിൽ ഷെഡ്യൂളിലേക്കുള്ള പരാമർശം, വിപരീതമായി സൂചിപ്പിച്ചിട്ടില്ലെങ്കിൽ, ഈ കരാറിന്റെ ഒരു വ്യവസ്ഥ അല്ലെങ്കിൽ ഷെഡ്യൂളിലേക്കുള്ള പരാമർശമാണ്;

e. references to this Agreement shall be construed as references also to any separate or independent stipulation or agreement contained in it;

ഈ കരാറിലേക്കുള്ള പരാമർശങ്ങൾ അതിൽ അടങ്ങിയിരിക്കുന്ന ഏതെങ്കിലും പ്രത്യേക അല്ലെങ്കിൽ സ്വതന്ത്രമായ വ്യവസ്ഥയിലേക്കോ കരാറിലേക്കോ ഉള്ള പരാമർശങ്ങളായും കണക്കാക്കുന്നതാണ്;

f. references to the word 'includes' or 'including' shall be construed without limitation;

'ഉൾപ്പെടുന്നു' അല്ലെങ്കിൽ 'ഉൾപ്പെടുത്തുന്നു' എന്ന പദത്തെക്കുറിച്ചുള്ള പരാമർശങ്ങൾ പരിമിതികളില്ലാതെ വ്യാഖ്യാനിക്കേണ്ടതാണ്;

g. words importing a particular gender include all genders;

ഒരു പ്രത്യേക ലിംഗഭേദത്തെ സൂചിപ്പിക്കുന്ന വാക്കുകൾ എല്ലാ ലിംഗഭേദങ്ങളെയും ഉൾക്കൊള്ളുന്നു;

h. reference to any legislation or law or to any provision thereof shall include references to any such law as it may, after the date hereof, from time to time, be amended, supplemented or re-enacted, and any reference to statutory provision shall include any subordinate legislation made from time to time under that provision;

ഏതെങ്കിലും നിയമനിർമ്മാണത്തെയോ നിയമത്തെയോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും വ്യവസ്ഥയെയോ പരാമർശിക്കുന്നതിൽ, അതിന്റെ തീയതിക്ക് ശേഷം, കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുകയോ, അനുബന്ധമാക്കുകയോ, വീണ്ടും നടപ്പിലാക്കുകയോ ചെയ്യാവുന്ന അത്തരം ഏതെങ്കിലും നിയമത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഉൾപ്പെടുന്നതും, നിയമപരമായ വ്യവസ്ഥയെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിൽ ആ വ്യവസ്ഥ പ്രകാരം കാലാകാലങ്ങളിൽ നിർമ്മിച്ച ഏതെങ്കിലും കീഴ്വഴക്ക നിയമനിർമ്മാണവും ഉൾപ്പെടുന്നതാണ്;

i. Any determination with respect to the occurrence or continuance of event, occurrence, circumstance, change, fact, information, document, authorisation, proceeding, act, omission, claims, breach, default that constitute an Event of Default, the opinion of the Company shall be final and conclusive and be binding on the Borrower and Guarantor.

സാഹചര്യം, മാറ്റം, വസ്തുത, വിവരങ്ങൾ, പ്രമാണം, അംഗീകാരം, നടപടിക്രമങ്ങൾ, പ്രവൃത്തി, ഒഴിവാക്കൽ, അവകാശവാദങ്ങൾ, ലംഘനം, വീഴ്ചയുടെ സാഹചര്യം സൃഷ്ടിക്കുന്ന വീഴ്ച എന്നിവ സംഭവിക്കുന്നതും തുടർച്ചയായി സംഭവിക്കുന്നതും സംബന്ധിച്ച ഏതൊരു തീരുമാനത്തിലും കമ്പനിയുടെ അഭിപ്രായം അന്തിമവും നിർണായകവുമായിരിക്കും, കൂടാതെ വായ്പക്കാരനെയും ജാമ്യക്കാരനെയും ഇത് ബാധിക്കുന്നതുമാണ്.

**2. LOAN:**

**വായ്പ:**

a. The Borrower agrees to borrow from the Company and the Company agrees to make available and extend to the Borrower, at its sole and absolute discretion, the Loan, for an amount as mentioned in the **Schedule**, for the purpose as mentioned in the Loan Application, on the terms and conditions contained in this Agreement and in other Loan Documents.

ഈ കരാറിലും മറ്റ് വായ്പാ രേഖകളിലും അടങ്ങിയിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച്, വായ്പാ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന ആവശ്യത്തിനായി**ഷെഡ്യൂൾ,** ൽ സൂചിപ്പിച്ചിരിക്കുന്ന തുക, കമ്പനിയിൽ നിന്ന് വായ്പ വാങ്ങാൻ വായ്പക്കാരൻ സമ്മതിക്കുന്നു, അതോടൊപ്പം കമ്പനി അവരുടെ പൂർണ്ണ വിവേചനാധികാരത്തിൽ വായ്പക്കാരന്, വായ്പ ലഭ്യമാക്കാനും നൽകാനും സമ്മതിക്കുന്നു.

b. The Borrower agrees that the proceeds of the Loan shall be utilized for the reason mentioned in the Loan Application and the Schedule hereunder **('Purpose')** and in accordance with applicable law.

വായ്പാ അപേക്ഷയിലും ഷെഡ്യൂളിലും **('ഉദ്ദേശ്യം')** എന്നതിന് കീഴിൽ പരാമർശിച്ചിരിക്കുന്ന കാരണത്തിനായി ബാധകമായ നിയമപ്രകാരമുമാണ് വായ്പയുടെ വരുമാനം വിനിയോഗിക്കേണ്ടതെന്ന് വായ്പക്കാരൻ സമ്മതിക്കുന്നു.

**3. DISBURSEMENT:**

**വിതരണം:**

a. The disbursement of the Loan may be made directly to the Borrower in one lump sum as per the details provided under the Loan Application and Schedule, subject to the terms and conditions contained herein.

വായ്പാ അപേക്ഷയിലും ഷെഡ്യൂളിലും നൽകിയിരിക്കുന്ന വിശദാംശങ്ങൾ അനുസരിച്ച്, ഇവിടെ അടങ്ങിയിരിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, വായ്പാ വിതരണം വായ്പക്കാരന് നേരിട്ട് ഒറ്റത്തവണയായി നൽകാവുന്നതാണ്.

b. The disbursement of the Loan shall be made in accordance with the National Electronic Funds Transfer ('NEFT')/Real Time Gross Settlement ('RTGS') business hours as notified by the RBI from time to time. The Company shall not in any event or circumstance be liable or be construed as being liable in case there is any delay(s) in disbursement of the Loan.

RBI കാലാകാലങ്ങളിൽ അറിയിക്കുന്ന നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ ('NEFT')/റിയൽ ടൈം ഗ്രോസ് സെറ്റിൽമെന്റ് ('RTGS') പ്രവൃത്തി സമയം അനുസരിച്ചായിരിക്കും വായ്പ വിതരണം നടത്തുക. വായ്പ വിതരണം ചെയ്യുന്നതിൽ എന്തെങ്കിലും കാലതാമസം(ങ്ങൾ) ഉണ്ടായാൽ കമ്പനി ഒരു സാഹചര്യത്തിലും ബാധ്യസ്ഥനായിരിക്കില്ല അല്ലെങ്കിൽ ബാധ്യസ്ഥനാണെന്ന് വ്യാഖ്യാനിക്കപ്പെടില്ല.


b. The execution of this agreement is not in conflict with any law/constitutional documents, or with any other document which is binding on the Borrower/Guarantor.

ഈ വായ്പ കരാറിന്റെ നിർവഹണം, ഏതെങ്കിലും നിയമങ്ങൾ/ഭരണഘടനാപരമായ പ്രമാണങ്ങൾ, അല്ലെങ്കിൽ വായ്പക്കാരനെ/ജാമ്യക്കാരനെ ബാധകമാക്കുന്ന മറ്റേതെങ്കിലും പ്രമാണങ്ങൾ എന്നിവയുമായി വൈരുദ്ധ്യമുള്ളതല്ല.

c. That all statement of accounts sent by the Company or by any other authorised representative of the Company are acceptable by the Borrower/Guarantor shall be conclusive proof of the correctness of any sum claimed to be due from the Borrower.

കമ്പനി അയച്ചതോ അല്ലെങ്കിൽ കമ്പനിയുടെ മറ്റേതെങ്കിലും അധികാരപ്പെടുത്തിയ പ്രതിനിധി അയച്ചതോ ആയ എല്ലാ അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും വായ്പക്കാരന്/ജാമ്യക്കാരന് സ്വീകാര്യമായിരിക്കുന്നതും വായ്പക്കാരനിൽ നിന്ന് കുടിശ്ശികയുള്ളതാണെന്ന് അവകാശപ്പെടുന്ന ഏതൊരു തുകയുടെയും കൃത്യതയുടെ നിർണായക തെളിവായിരിക്കും ഇത്.

d. That absence or infirmity of borrowing powers on the part of the person representing the Borrower or any irregularity in the exercise thereof shall not affect the rights of the Company against the Borrower under this Agreement notwithstanding such absence, infirmity or irregularity. In case the Borrower is a company, the Borrower has the power to avail this facility and the total borrowings are within the prescribed limit. In case the Guarantor is a company, the Guarantor has the power/authority to guarantee the due performance of the terms of this Agreement by Borrower.

വായ്പക്കാരനെ പ്രതിനിധീകരിക്കുന്ന വ്യക്തിയുടെ ഭാഗത്തുനിന്നുള്ള വായ്പയെടുക്കൽ അധികാരത്തിന്റെ അഭാവമോ ബലഹീനതയോ അല്ലെങ്കിൽ അത് വിനിയോഗിക്കുന്നതിലെ ഏതെങ്കിലും ക്രമക്കേടോ, അത്തരം അഭാവമോ ബലഹീനതയോ ക്രമക്കേടോ പരിഗണിക്കാതെ, ഈ കരാറിന് കീഴിലുള്ള വായ്പക്കാരനെതിരായ കമ്പനിയുടെ അവകാശങ്ങളെ ബാധിക്കുന്നതല്ല. വായ്പക്കാരൻ ഒരു കമ്പനിയാണെങ്കിൽ, ഈ ഫെസിലിറ്റി പ്രയോജനപ്പെടുത്താൻ വായ്പക്കാരന് അധികാരമുള്ളതും, കൂടാതെ മൊത്തം വായ്പകൾ നിർദ്ദേശിക്കപ്പെട്ട പരിധിക്കുള്ളിലുമാണ്. ജാമ്യക്കാരൻ ഒരു കമ്പനിയാണെങ്കിൽ, വയ്പക്കാരൻ ഈ കരാറിന്റെ നിബന്ധനകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് നൽകാൻ ജാമ്യക്കാരന് അധികാരം/അംഗീകാരം ഉള്ളതാണ്.

e. Utilise the entire Loan only for the purpose mentioned in the Loan Application and Schedule hereunder and shall not use the same

for illegal/antisocial activities and speculative purpose including investment in capital market which includes stocks, bonds and other financial securities or real estate or for purchase of gold in any form including primary gold, gold bullion, gold jewellery/coins, precious stones/metals, units of Exchange Traded Funds (ETF) and units of gold mutual fund. Without being obligated to do so, the Company shall be entitled to monitor the end use of the Loan including through any auditors or consultants with necessary certification from them, as appointed by the Company at its sole discretion at the cost of the Borrower.

വായ്പാ അപേക്ഷയിലും ഇതോടൊപ്പമുള്ള ഷെഡ്യൂളിലും പരാമർശിച്ചിരിക്കുന്ന ആവശ്യത്തിനായി മാത്രമേ വായ്പയുടെ മുഴുവൻ തുകയും ഉപയോഗിക്കാവൂ. നിയമവിരുദ്ധമായതോ സാമൂഹികവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾക്കോ, ഓഹരികൾ, ബോണ്ടുകൾ, മറ്റ് ധനകാര്യ സെക്യൂരിറ്റികൾ എന്നിവ ഉൾപ്പെടുന്ന മൂലധന വിപണിയിലെ നിക്ഷേപങ്ങൾക്കോ, റിയൽ എസ്റ്റേറ്റ് ഇടപാടുകൾക്കോ, അല്ലെങ്കിൽ പ്രാഥമിക സ്വർണം, സ്വർണ ബുള്ളിയൻ, സ്വർണാഭരണങ്ങൾ/നാണയങ്ങൾ, വിലപിടിപ്പുള്ള കല്ലുകൾ/ലോഹങ്ങൾ, എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകളുടെ (ETF) യൂണിറ്റുകൾ, ഗോൾഡ് മ്യൂച്വൽ ഫണ്ടുകളുടെ യൂണിറ്റുകൾ എന്നിവയുൾപ്പെടെ ഏതെങ്കിലും രൂപത്തിലുള്ള സ്വർണം വാങ്ങുന്നതിനോ ഈ വായ്പ ഉപയോഗിക്കരുത്. അങ്ങനെ ചെയ്യേണ്ട ബാധ്യത കമ്പനിക്കില്ലെങ്കിലും, വായ്പയുടെ അന്തിമ ഉപയോഗം നിരീക്ഷിക്കുന്നതിനുള്ള അവകാശം കമ്പനിക്കുണ്ടായിരിക്കും. ഇതിനായി കമ്പനിയുടെ ഏക വിവേചനാധികാരപ്രകാരം നിയമിക്കുന്ന ഓഡിറ്റർമാരുടെയോ ഉപദേഷ്ടാക്കളുടെയോ സേവനം ഉപയോഗിക്കാം. ഇത്തരത്തിലുള്ള പരിശോധനകൾക്കും ആവശ്യമായ സർട്ടിഫിക്കേഷനുകൾക്കും വരുന്ന എല്ലാ ചെലവുകളും വായ്പയെടുത്തയാൾ വഹിക്കേണ്ടതാണ്.

f. Shall obtain the prior written permission of the Company before borrowing any amount from other banks, financial institutions

മറ്റ് ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഏതെങ്കിലും തുക വായ്പ വാങ്ങുന്നതിന് മുമ്പ് കമ്പനിയുടെ മുൻകൂർ രേഖാമൂലമുള്ള അനുമതി നേടണം.

g. All particulars, representations, declarations and information given by the Borrower/Guarantor are true, correct, complete and up to date, valid and subsisting in all respects and no information has been withheld. The Borrower/Guarantor shall provide necessary updation wherever required. Promptly notify the Company of any litigation, arbitration, administrative or other proceedings initiated against the Borrower/Guarantor.

വായ്പക്കാരൻ/ജാമ്യക്കാരൻ നൽകുന്ന എല്ലാ വിശദാംശങ്ങളും, റെപ്രസന്റേഷനുകളും, പ്രഖ്യാപനങ്ങളും, വിവരങ്ങളും സത്യവും, കൃത്യവും, പൂർണ്ണവും, കാലികവുമാണ്. എല്ലാ അർത്ഥത്തിലും സാധുവായതും നിലവിലുള്ളതും, ഒരു വിവരവും മറച്ചുവെച്ചിട്ടില്ലാത്തതുമാണ്. ആവശ്യമുള്ളിപ്പോഴെല്ലാം വായ്പക്കാരൻ/ജാമ്യക്കാരൻ ആവശ്യമായ പുതുക്കലുകൾ നടത്തുന്നതാണ്. വായ്പക്കാരന്/ജാമ്യക്കാരന് എതിരെ ആരംഭിച്ചിട്ടുള്ള ഏതെങ്കിലും വ്യവഹാരം, ആർബിട്രേഷൻ, അഡ്മിനിസ്ട്രേറ്റീവ് അല്ലെങ്കിൽ മറ്റ് നടപടികളെക്കുറിച്ച് കമ്പനിയെ ഉടനടി അറിയിക്കുക.

h. The Borrower/Guarantor confirms that her/his/their family members/close relatives are not a politically exposed person as defined by the KYC guidelines of RBI. The Borrower/Guarantor further undertakes to intimate the Company immediately upon any change in the above status.

അവളുടെ/അവന്റെ/അവരുടെ കുടുംബാംഗങ്ങൾ/അടുത്ത ബന്ധുക്കൾ RBIയുടെ KYC മാർഗ്ഗനിർദ്ദേശങ്ങൾ നിർവചിച്ചിട്ടുള്ളതുപ്രകാരം ഒരു പൊളിറ്റിക്കലി എക്സ്പോസ്ഡ് പേഴ്സൺ (PEP) അല്ല എന്ന് വായ്പക്കാരൻ/ജാമ്യക്കാരൻ ഉറപ്പാക്കുന്നു. മുകളിൽ പറഞ്ഞ അവസ്ഥയിൽ എന്തെങ്കിലും മാറ്റം വന്നാൽ ഉടൻ തന്നെ കമ്പനിയെ അറിയിക്കാമെന്ന് വായ്പക്കാരൻ/ജാമ്യക്കാരൻ ഇതിനാൽ ഏറ്റെടുക്കുന്നു

i. The Borrower hereby undertakes that he/she shall not engage directly or indirectly in any activity which is in the exclusion list of the institutions such as International Finance Corporation and Asian Development Bank or engage in any activity which could endanger or adversely impact the social and economic environment of the country.

ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് തുടങ്ങിയ ഒഴിവാക്കൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ നേരിട്ടോ അല്ലാതെയോ അവൻ/അവൾ ഏർപ്പെടുകയോ രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പരിസ്ഥിതിയെ അപകടപ്പെടുത്തുന്നതോ പ്രതികൂലമായി ബാധിക്കുന്നതോ ആയ ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെടുകയോ ചെയ്യില്ലെന്ന് വായ്പക്കാരൻ ഇതിനാൽ ഉറപ്പുനൽകുന്നു.

j. That the Company has a right of lien on all related accounts of the Borrower/Guarantor including such other accounts that may be entered into later/found to be related to the Borrower/Guarantor later (related accounts in this regard shall mean and include all accounts where the Borrower is a Guarantor and the Guarantor is a Borrower, under any financial facility availed from the Company). The Company shall be entitled to withhold the issuance/handling over of NOC/form -35, original title deeds/documents, no due letter and/or discharge the mortgage created on the property relating to the assets of Borrower hypothecated/mortgaged under the vehicle and/or other secured loans if any availed by the Borrower as long as there is any continuing event of default by the Borrower/Guarantor under this Loan including such other agreements that may be entered into later/found to be related to the Borrower/Guarantor under any financial facility availed from CIFCL. Accordingly, the Borrower/Guarantor hereby agrees and acknowledges that they shall be entitled to obtain the NOC/form-35, title deeds/documents, no due letter and request discharge of the said mortgage only upon full and final settlement of all outstanding dues/ charges across all agreements entered into by the Borrower/Guarantor.

വായ്പക്കാരനുമായി/ജാമ്യക്കാരനുമായി ബന്ധപ്പെട്ടതായി കണ്ടെത്താവുന്ന/പിന്നീട് പ്രവേശിക്കാവുന്ന മറ്റ് അക്കൗണ്ടുകൾ ഉൾപ്പെടെ വായ്പക്കാരന്റെ/ജാമ്യക്കാരന്റെ എല്ലാ അനുബന്ധ അക്കൗണ്ടുകളിലും കമ്പനിക്ക് അവകാശമുള്ളതാണ്, (ഇക്കാര്യത്തിൽ അനുബന്ധ അക്കൗണ്ടുകൾ എന്നാൽ കമ്പനിയിൽ നിന്ന് ലഭിക്കുന്ന ഏതെങ്കിലും സാമ്പത്തിക സൗകര്യത്തിന് കീഴിൽ വായപക്കാരൻ ഒരു ജാമ്യക്കാരനും ജാമ്യക്കാരൻ ഒരു വായ്പക്കാരനുമാകുന്ന എല്ലാ അക്കൗണ്ടുകളും അർത്ഥമാക്കുകയും ഉൾപ്പെടുകയും ചെയ്യുന്നതാണ്). CIFCL-ൽ നിന്ന് ലഭിക്കുന്ന ഏതെങ്കിലും സാമ്പത്തിക സൌകര്യത്തിന് കീഴിൽ വായ്പക്കാരനുമായി/ജാമ്യക്കാരനുമായി പിന്നീട് ഏർപ്പെടാവുന്ന/ ബന്ധപ്പെട്ടതായി കണ്ടെത്താവുന്ന മറ്റ് കരാറുകൾ ഉൾപ്പെടെ ഈ വായ്പയ്ക്ക് കീഴിൽ വായ്പക്കാരൻ/ജാമ്യക്കാരൻ സ്ഥിരമായി വീഴ്ച വരുത്തുന്ന എന്തെങ്കിലും സാഹചര്യം തുടരുന്ന കാലത്തോളം NOC/ഫോം-35, യഥാർത്ഥ ടൈറ്റിൽ ഡീഡുകൾ/രേഖകൾ, നോ ഡ്യൂ ലെറ്റർ എന്നിവയുടെ വിതരണം/കൈമാറ്റം തടഞ്ഞുവെക്കാനും കൂടാതെ/അല്ലെങ്കിൽ വായ്പക്കാരൻ എടുത്തിട്ടുള്ള വാഹനം കൂടാതെ/അല്ലെങ്കിൽ മറ്റ് സെക്യൂർഡ് വായ്പകൾക്ക് കീഴിൽ ഹൈപ്പോഥെക്കേറ്റ് /മോർട്ട്ഗേജ് ചെയ്ത വായ്പക്കാരന്റെ ആസ്തികളുമായി ബന്ധപ്പെട്ട വസ്തുവിൽ സൃഷ്ടിച്ച

മോർട്ട്ഗേജ് റദ്ദാക്കുന്നത് തടഞ്ഞുവെക്കാനും കമ്പനിക്ക് അവകാശമുണ്ടായിരിക്കും. അതുപ്രകാരം, വായ്പക്കാരൻ/ജാമ്യക്കാരൻ പ്രവേശിച്ച എല്ലാ കരാറുകളിലുമുള്ള എല്ലാ കുടിശ്ശികകളും/ചാർജുകളും പൂർണ്ണമായും അന്തിമമായും തീർപ്പാക്കിയാൽ മാത്രമേ അവർക്ക് NOC/ഫോം-35, ഒറിജിനൽ ടൈറ്റിൽ ഡീഡുകൾ/പ്രമാണങ്ങൾ, നോ ഡ്യൂ ലെറ്റർ എന്നിവ ലഭിക്കാനും പ്രസ്തുത മോർട്ട്ഗേജ് റദ്ദാക്കാൻ അഭ്യർത്ഥിക്കാനും അവകാശമുണ്ടായിരിക്കുകയുള്ളൂ എന്ന് വായ്പക്കാരൻ/ജാമ്യക്കാരൻ ഇതിനാൽ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

k. The Borrower/Guarantor shall observe and perform all its obligations and covenants under this Agreement.
വായ്പക്കാരൻ/ജാമ്യക്കാരൻ ഈ കരാറിന് കീഴിലുള്ള എല്ലാ ബാധ്യതകളും ഉടമ്പടികളും പാലിക്കുകയും നിർവഹിക്കുകയും ചെയ്യും.

l. The Borrower shall ensure timely payment of the Instalments to the Company and ensure that the Repayment Modes issued towards payment of the Instalments are honoured on presentation. It is the duty of the Borrower to ensure that his/her bank account has been debited towards the Instalments and in case of his/her account not been so debited, the Borrower shall be obliged to inform the Company in this regard within 3 (three) Business Days from the Due Date of such Instalment.

കമ്പനിക്ക് ഗഡുക്കൾ സമയബന്ധിതമായി അടയ്ക്കുന്നുവെവെന്നും ഗഡുക്കൾ അടയ്ക്കുന്നതിന് നൽകിയ തിരിച്ചടവ് രീതികൾ വരുമ്പോൾ മാനിക്കപ്പെടുന്നുണ്ടെന്നും വായ്പക്കാരൻ ഉറപ്പാക്കേണ്ടതാണ്. ഗഡുക്കൾക്ക് നേരെ അവന്റെ/അവളുടെ ബാങ്ക് അക്കൌണ്ട് ഡെബിറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടത് വായ്പക്കാരന്റെ കടമയാണ്, കൂടാതെ അവൻറെ/അവളുടെ അക്കൌണ്ട് അപ്രകാരം ഡെബിറ്റ് ചെയ്തിട്ടില്ലെങ്കിൽ, അത്തരം ഗഡുവിന്റെ അവസാന തീയതി മുതൽ 3 (മൂന്ന്) ബിസിനസ് ദിവസത്തിനുള്ളിൽ കമ്പനിയെ അറിയിക്കാൻ വായ്പക്കാരൻ ബാധ്യസ്ഥനാണ്.

m. The Borrower/Guarantor shall promptly notify the Company of any change in the Borrower's/Guarantor's address, phone number, employer name, email address.
വായ്പക്കാരന്റെ/ജാമ്യക്കാരന്റെ വിലാസം, ഫോൺ നമ്പർ, തൊഴിലുടമയുടെ പേര്, ഇമെയിൽ വിലാസം എന്നിവയിൽ എന്തെങ്കിലും മാറ്റം ഉണ്ടായാൽ വായ്പക്കാരൻ/ജാമ്യക്കാരൻ അത് ഉടൻ കമ്പനിയെ അറിയിക്കുന്നതാണ്.

n. That the Borrower is Indian citizen ordinarily residing in India and will continue to remain so during the tenure of this loan.
വായ്പക്കാരൻ/ജാമ്യക്കാരൻ സാധാരണയായി ഇന്ത്യയിൽ താമസിക്കുന്ന ഇന്ത്യൻ പൗരനാണെന്നും ഈ വായ്പയുടെ കാലാവധിയിൽ അത് തുടരുമെന്നും.

o. The Borrower confirms that he/she shall ensure availability of funds in the bank account and that the Borrower will not at any time close his/her bank account until the full and final payment of the Outstanding Dues has been made to the Company by the Borrower.

വായ്പക്കാരൻ അവന്റെ/അവളുടെ ബാങ്ക് അക്കൗണ്ടിൽ ഫണ്ടുകളുടെ ലഭ്യത ഉറപ്പാക്കുമെന്നും, വായ്പക്കാരന് കമ്പനിക്ക് കുടിശ്ശികയുള്ള തുക പൂർണ്ണമായും അന്തിമമായും അടയ്ക്കുന്നതു ഒരു കാരണവശാലും വായ്പക്കാരൻ അവന്റെ/അവളുടെ ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കില്ലെന്നും വായ്പക്കാരൻ സ്ഥിരീകരിക്കുന്നു.

p. The Borrower/Guarantor shall not change his/her name or change his/her bank account without prior written consent of the Company.
കമ്പനിയുടെ മുൻകൂർ രേഖാമൂലമുള്ള അനുമതിയില്ലാതെ വായ്പക്കാരൻ/ജാമ്യക്കാരൻ അവന്റെ/അവളുടെ പേര് മാറ്റുകയോ ബാങ്ക് അക്കൗണ്ട് മാറ്റുകയോ ചെയ്യരുത്.

q. The Borrower/Guarantor shall pay/reimburse the Company against all expenses for any purpose relating to this Agreement including any taxes pertaining to this Agreement, or the Loan and enforcing the terms thereof.
ഈ കരാറുമായി അല്ലെങ്കിൽ വായ്പ, അതിന്റെ നിബന്ധനകൾ നടപ്പിലാക്കൽ എന്നിവയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഉദ്ദേശ്യത്തിനായുള്ള എല്ലാ ചെലവുകളും, ബന്ധപ്പെട്ട ഏതെങ്കിലും നികുതികൾ, ഉൾപ്പെടെ, വായ്പക്കാരൻ/ജാമ്യക്കാരൻ കമ്പനിക്ക് നൽകുന്നതാണ്/തിരിച്ചടക്കുന്നതാണ്.

r. The Borrower/Guarantor further declares that the information and data furnished bythe Borrower/Guarantor to the Company is true and correct.
വായ്പക്കാരൻ/ജാമ്യക്കാരൻ കമ്പനിക്ക് നൽകിയ വിവരങ്ങളും ഡാറ്റയും സത്യവും ശരിയുമാണെന്ന് വായ്പക്കാരൻ/ജാമ്യക്കാരൻ ഇതിനാൽ പ്രഖ്യാപിക്കുന്നു.

s. The Borrower shall pay and bear all taxes, rates, duties, charges and other imposts and obligations, existing as well as in future, in respect of the product and the transaction hereunder.
ഉൽപ്പന്നവും ഇടപാടുമായി ബന്ധപ്പെട്ട കാര്യത്തിൽ നിലവിലുള്ളതും ഭാവിയൽ ഉണ്ടായേക്കാവുന്നതുമായ എല്ലാ നികുതികൾ, നിരക്കുകൾ, തീരുവകൾ, ചാർജുകൾ, മറ്റ് ഇംപോസ്റ്റുകൾ, ബാധ്യതകൾ എന്നിവ വായ്പക്കാരൻ അടയ്ക്കുകയും വഹിക്കുകയും ചെയ്യുന്നതാണ്.

t. The Borrower/Guarantor shall do all such things and execute all such writings as the Company may require from time to time for duly or more perfectly securing the repayment of the Loan.
വായ്പയുടെ തിരിച്ചടവ് ക്യത്യമായി അല്ലെങ്കിൽ കൂടുതൽ പൂർണ്ണമായി ഉറപ്പാക്കുന്നതിന് വായ്പക്കാരൻ/ജാമ്യക്കാരൻകമ്പനിക്ക് കാലാകാലങ്ങളിൽ ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുകയും രേഖാമൂലമുള്ള എല്ലാ രേഖകളും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

u. The Borrower/Guarantor hereby agrees and gives consent for the disclosure by the Company of all or any such;
കമ്പനിയുടെ ഭാഗത്തുനിന്ന് ഇതിനാൽ താഴെ പറയുന്നതുപ്രകാരമുള്ള മുഴുവൻ അല്ലെങ്കിൽ ഏതെങ്കിലും വെളിപ്പെടുത്തലിനുള്ള സമ്മതം വായ്പക്കാരൻ/ജാമ്യക്കാരൻ നൽകുകയും ചെയ്യുന്നു;

a. Information and data relating to the Borrower/Guarantor;

വായ്പക്കാരൻ/ജാമ്യക്കാരനുമായി ബന്ധപ്പെട്ട വിവരങ്ങളും ഡാറ്റയും;

b. Information or data relating to any credit facility availed of/to be availed, by the Borrower/Guarantor and

വായ്പക്കാരൻ/ജാമ്യക്കാരൻ ലഭ്യമാക്കിയിട്ടുള്ള/ലഭ്യമാക്കുവാനിരിക്കുന്ന ഏതെങ്കിലും ക്രെഡിറ്റ് സൗകര്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ അല്ലെങ്കിൽ ഡാറ്റ, iii.

c. Default, if any, committed by the Borrower/Guarantor in discharge of his such obligation, as the Company may deem appropriate and necessary to disclose and furnish to Credit Information Company/ies and/or agency/ies authorized in this behalf by RBI or under any other Applicable Law;

വായ്പക്കാരൻ/ജാമ്യക്കാരൻ തന്റെ ബാധ്യത നിറവേറ്റുന്നതിൽ എന്തെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അത്, ഉചിതവും ആവശ്യവുമാണെന്ന് കമ്പനി കരുതുന്ന RBI അല്ലെങ്കിൽ മറ്റേതെങ്കിലും ബാധകമായ നിയമം അനുസരിച്ച് ഇത് ചെയ്യുന്നതിന് അധികാരപ്പെടുത്തിയിരിക്കുന്ന ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനി/കൾ കൂടാതെ/അല്ലെങ്കിൽ ഏജൻസി(കൾ) എന്നിവർക്ക് വെളിപ്പെടുത്താനും നൽകാനും ;

v. The Borrower/Guarantor undertakes that the Credit Information Company/ies and/or agency/ies so authorized may

ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനി/കൾ കൂടാതെ/അല്ലെങ്കിൽ ഏജൻസി/കൾ അങ്ങനെ ബന്ധപ്പെട്ടവരെ അധികാരപ്പെടുത്തുകയാണെങ്കിൽ വായ്പക്കാരൻ/ജാമ്യക്കാരൻ അതിന്റെ ബാധ്യത ഏറ്റെടുക്കേണ്ടതാകുന്നു.

i. Use, process the said information and data disclosed by the Company in the manner deemed fit by them; and ii. Furnish for consideration, the processed information and data or products thereof prepared by them, to banks/financial institutions and other credit grantors or registered users, as may be prescribed by the Reserve Bank of India in this behalf.

i. കമ്പനി വെളിപ്പെടുത്തുന്ന മേൽപ്പറഞ്ഞ വിവരങ്ങളും ഡാറ്റയും അവർക്ക് അനുയോജ്യമെന്ന് തോന്നുന്ന രീതിയിൽ ഉപയോഗിക്കുന്നതും പ്രോസസ്സ് ചെയ്യുന്നതുമാണ് ; കൂടാതെ ii. ഇതുമായി ബന്ധപ്പെട്ട് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിക്കുന്നതുപ്രകാരം, പ്രോസസ്സ് ചെയ്ത വിവരങ്ങളും ഡാറ്റയും അല്ലെങ്കിൽ അവയിലൂടെ അവർ തയ്യാറാക്കിയ ഉൽപ്പന്നങ്ങളും ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ, മറ്റ് വായ്പാദാതാക്കൾ അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത ഉപയോക്താക്കൾ എന്നിവർക്ക് പരിഗണനയ്ക്കായി നൽകാം.

The Borrower/Guarantor further agrees and gives consent for disclosure by the Company all or any of the information of the Borrower/Guarantor to group companies, subsidiaries or any other person as the Company may deem fit.

വായ്പക്കാരന്റെ/ജാമ്യക്കാരന്റെ എല്ലാ വിവരങ്ങളും അല്ലെങ്കിൽ ഏതെങ്കിലും വിവരങ്ങൾ ഗ്രൂപ്പ് കമ്പനികൾക്കോ, അനുബന്ധ സ്ഥാപനങ്ങൾക്കോ അല്ലെങ്കിൽ കമ്പനി ഉചിതമെന്ന് കരുതുന്ന മറ്റേതെങ്കിലും വ്യക്തിക്കോ വെളിപ്പെടുത്തുന്നതിന് വായ്പക്കാരൻ/ജാമ്യക്കാരൻ ഇതിനാൽ സമ്മതിക്കുകയും സമ്മതം നൽകുകയും ചെയ്യുന്നു.

w. The Borrower and Guarantor acknowledge that all the sums, interest, fees and Penal Charges are reasonable and that they represent a genuine pre-estimate of the loss likely to be incurred by the Company in an Event of Default.

എല്ലാ തുകകൾ, പലിശ, ഫീസുകൾ, പിഴ ചാർജുകൾ എന്നിവ ന്യായമാണെന്നും ഒരു വീഴ്ചയിൽ കമ്പനിക്കുണ്ടാകാൻ സാധ്യതയുള്ള നഷ്ടത്തിന്റെ യഥാർത്ഥ മുൻകൂർ കണക്കാണ് അവ പ്രതിനിധീകരിക്കുന്നതെന്നും വായ്പക്കാരനും ജാമ്യക്കാരനും സമ്മതിക്കുന്നു.

x. The Borrower and Guarantor acknowledge that the Loan provided under this Agreement is for a commercial transaction and waive any defences or immunities available under applicable Law relating to the charging of Interest and Penal Charges.

ഈ കരാറിന് കീഴിൽ നൽകിയിരിക്കുന്ന വായ്പ ഒരു വാണിജ്യ ഇടപാടിനായുള്ളതാണെന്ന് വായ്പക്കാരനും ജാമ്യക്കാരനും സമ്മതിക്കുകയും പലിശയും പിഴയും ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബാധകമായ നിയമപ്രകാരം ലഭ്യമായ ഏതെങ്കിലും പ്രതിരോധങ്ങളോ തടസ്സങ്ങളോ ഒഴിവാക്കുകയും ചെയ്യുന്നു.

y. The Borrower and Guarantor also acknowledge that the Parties' rights and obligations and the practical and legal effects of this Agreement have been explained and that the Agreement is a fair agreement and is not the result of any fraud, duress, coercion or undue influence.

കക്ഷികളുടെ അവകാശങ്ങളും കടമകളും ഈ കരാറിന്റെ പ്രായോഗികവും നിയമപരവുമായ പ്രത്യാഘാതങ്ങളും വിശദീകരിച്ചിട്ടുണ്ടെന്നും കരാർ ന്യായമായ ഒരു കരാറാണെന്നും ഏതെങ്കിലും വഞ്ചനയുടെയോ, പ്രേരണയുടെയോ, നിർബന്ധത്തിന്റെയോ, അനാവശ്യ സ്വാധീനത്തിന്റെയോ ഫലമല്ലെന്നും വായ്പക്കാരനും ജാമ്യക്കാരനും സമ്മതിക്കുന്നു.

z. That the Company shall have the right to classify the Borrower and/or the Guarantor, as the case may be, as wilful defaulter on occurrence of a wilful default and report the same to the credit information companies(CIC) and publish the name, photograph of the wilful defaulter (including proprietors/ partners / directors/promoters of the Borrower and/or the Guarantor/persons in charge/responsible for the management of the affairs of the Borrower and/or the Guarantor, who have been declared as wilful defaulters) in newspaper(s) and/or such other mode at its sole discretion as deem fit, in compliance with the extent regulations of Reserve Bank of India(RBI).

മനഃപൂർവ്വമായ വീഴ്ച സംഭവിച്ചാൽ, വായ്പക്കാരനെ കൂടാതെ/അല്ലെങ്കിൽ ജാമ്യക്കാരനെ, സാഹചര്യമനുസരിച്ച്, മനഃപൂർവ്വമായി വീഴ്ചവരുത്തുന്ന വ്യക്തിയായി തരംതിരിക്കാനും അത് ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളെ (CIC) അറിയിക്കാനും, മനഃപൂർവ്വമായി വീഴ്ചവരുത്തുന്നവരുടെ (മനഃപൂർവ്വമായി വീഴ്ചവരുത്തുന്നവരായി പ്രഖ്യാപിക്കപ്പെട്ട വായ്പക്കാരന്റെ കൂടാതെ/അല്ലെങ്കിൽ ജാമ്യക്കാരന്റെ പ്രൊപ്രൈറ്റർമാർ/ പാർട്ണർമാർ/ ഡയറക്ടർമാർ/ പ്രൊമോട്ടർമാർ, കൂടാതെ/അല്ലെങ്കിൽ വായ്പക്കാരന്റെ കൂടാതെ/അല്ലെങ്കിൽ ജാമ്യക്കാരന്റെ കാര്യങ്ങളുടെ നടത്തിപ്പിന് ഉത്തരവാദിത്തമുള്ള /അധികാരമുള്ള വ്യക്തികൾ) പേര്, ഫോട്ടോ എന്നിവ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (RBI) പരിധി നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട്, അവരുടെ സ്വന്തം വിവേചനാധികാരത്തിൽ, ഉചിതമെന്ന് തോന്നുന്ന രീതിയിൽ. പത്രങ്ങളിൽ കൂടാതെ/അല്ലെങ്കിൽ മറ്റ് രീതികളിലും പ്രസിദ്ധീകരിക്കാനും കമ്പനിക്ക് അവകാശമുണ്ടായിരിക്കും

The terms 'wilful default' and 'wilful defaulter' shall have the meaning as ascribed to it under the Reserve Bank of India (Treatment of Wilful Defaulters and Large Defaulters) Directions, 2024, as amended or repealed from time to time.

'മനപൂർവ്വമുള്ള വീഴ്ച', 'മനപൂർവ്വമുള്ള വീഴ്ച വരുത്തുന്ന വ്യക്തി' എന്നീ പദങ്ങൾക്ക്, കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്ന, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (മനപൂർവ്വമുള്ള വീഴ്ച വരുത്തുന്ന വ്യക്തികളുടെ, വലിയ വീഴ്ചവരുത്തുന്ന വ്യക്തികളുടെ ട്രീറ്റ്മെന്റ്) ഡയറക്ഷൻസ്, 2024 പ്രകാരം നിർവചിച്ചിട്ടുള്ള അർത്ഥം ഉണ്ടായിരിക്കും.

In respect of the classification of the wilful defaulter, the Borrower and Guarantor further covenants that:

മനഃപൂർവ്വം വീഴ്ച വരുത്തുന്നവരുടെ വർഗ്ഗീകരണവുമായി ബന്ധപ്പെട്ട്, വായ്പക്കാരനും ജാമ്യക്കാരനും ഇനിപ്പറയുന്ന ഉടമ്പടികൾ കൂടി ചെയ്യുന്നു:

i. Neither the Borrower nor any of its directors/promoters/partners/ persons in charge/responsible for the management of the affairs of the Borrower, have been declared to be a wilful defaulter. The Borrower shall not induct a person whose name appears in the wilful defaulters list of RBI/ CIC as director in case of it being a company or as a partner in case of it being a partnership firm or as in charge and responsible for the management of its affairs. In case such a person so appointed and continuing as director/partner/in charge of the Borrower is found to be a wilful defaulter, the Borrower shall take expeditious and effective steps for removal of that person as director /partner/ in charge and responsible for the management. It is clarified that under no circumstances, the Company shall renew/ enhance/ provide fresh credit facilities or restructure existing facilities provided to the Borrower so long as the name of its promoter and/or the director(s) and/or the person in charge and responsible for the management of the affairs of the entity remains in the list of wilful defaulters.

വായ്പക്കാരനെയോ അവരുടെ ഡയറക്ടർമാർ/പ്രൊമോട്ടർമാർ/പാർട്ണർമാർ/വായ്പക്കാരന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഉത്തരവാദിത്തമുള്ള /അധികാരമുള്ള വ്യക്തികൾ എന്നിവരെയോ മനഃപൂർവം തിരിച്ചടവ് വീഴ്ച വരുത്തുന്നവരായി പ്രഖ്യാപിച്ചിട്ടില്ല. RBI/CIC -യുടെ മനഃപൂർവ്വം കുടിശ്ശിക വരുത്തിയവരുടെ പട്ടികയിൽ പേരുള്ള ഒരു വ്യക്തിയെ ഒരു കമ്പനിയാണെങ്കിൽ ഡയറക്ടറായി അല്ലെങ്കിൽ ഒരു പാർട്ണർഷിപ്പ് സ്ഥാപനമാണെങ്കിൽ പാർട്ണറായി അല്ലെങ്കിൽ അതിന്റെ കാര്യങ്ങളുടെ നടത്തിപ്പിന് ചുമതലയുള്ളതും ഉത്തരവാദിത്തമുള്ളതുമായ ഒരു ഇൻ-ചാർജായി ചുമതലപ്പെടുത്തരുത്. വായ്പക്കാരന്റെ ഡയറക്ടർ/പാർട്ണർ/ഇൻ-ചാർജ് ആയി നിയമിക്കപ്പെടുകയും തുടരുകയും ചെയ്യുന്ന അത്തരമൊരു വ്യക്തി മനഃപൂർവ്വം വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ, ആ വ്യക്തിയെ ഡയറക്ടർ/പാർട്ണർ/ഇൻ-ചാർജ്, മാനേജ്മെന്റ് ഉത്തരവാദിത്തം എന്നിവയിൽ നിന്ന് നീക്കം ചെയ്യുന്നതിന് വായ്പക്കാരൻ ത്വരിതവും ഫലപ്രദവുമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഒരു സാഹചര്യത്തിലും, കമ്പനി അതിന്റെ പ്രൊമോട്ടറുടെ കൂടാതെ/അല്ലെങ്കിൽ ഡയറക്ടർമാരുടെ കൂടാതെ/അല്ലെങ്കിൽ സ്ഥാപനത്തിന്റെ കാര്യങ്ങളുടെ നടത്തിപ്പിന് ഉത്തരവാദിത്തമുള്ള വ്യക്തിയുടെയും പേര് മനഃപൂർവ്വം വീഴ്ച വരുത്തുന്നവരുടെ പട്ടികയിൽ നിലനിൽക്കുന്നിടത്തോളം, വായ്പക്കാരന് നൽകിയിരിക്കുന്ന നിലവിലുള്ള സൗകര്യങ്ങൾ കമ്പനി പുതുക്കുകയോ/ മെച്ചപ്പെടുത്തുകയോ/ പുതിയ ക്രെഡിറ്റ് സൗകര്യങ്ങൾ നൽകുകയോ പുനഃക്രമീകരിക്കുകയോ ചെയ്യില്ലെന്ന് വ്യക്തമാക്കുന്നു.

ii. The Loan or any part thereof shall be utilised only for the purpose for which it is sanctioned and the Loan shall not be "diverted" or "siphoned off" or used for any other purposes. If the Company desires a specific certification from the Borrower's auditor(s) regarding diversion/siphoning of funds by the Borrower, the Company shall have the right to award a separate mandate to the auditor(s) of the Borrower for the purpose. However, if the Company so desires, Company shall be within its rights to get the Borrower's accounts audited by any of its employee(s)/the chartered accountant(s)/ auditor(s) of Company's choice for checking diversion/siphoning of funds, if any, at the Borrower's costs and expenses. The Borrower shall allow the Company's employee(s), chartered accountant(s)/auditor(s) access to its office(s)/premises and to all their records and furnish whatever information/records required by them for the said purpose.

വായ്പയോ അതിന്റെ ഏതെങ്കിലും ഭാഗമോ അത് അനുവദിച്ചിരിക്കുന്ന ഉദ്ദേശ്യത്തിനായി മാത്രമേ ഉപയോഗിക്കാവൂ, കൂടാതെ വായ്പ "വകമാറ്റുകയോ" "അൽപാൽപ്പമായി വ്യക്തിഗത ആവശ്യങ്ങൾക്ക്" അല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്യില്ല "വക മാറ്റി" അല്ലെങ്കിൽ "സൈഫോൺ ഓഫ് ചെയ്തു" അല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിച്ചു. വായ്പക്കാരന്റെ ഫണ്ട് വകമാറ്റൽ / വ്യക്തിഗത ആവശ്യങ്ങൾക്ക് ഉപയോഗിക്കൽ സംബന്ധിച്ച് വായ്പക്കാരന്റെ ഓഡിറ്റർമാരിൽ നിന്ന് കമ്പനി ഒരു പ്രത്യേക സാക്ഷ്യപ്പെടുത്തൽ ആഗ്രഹിക്കുന്നുവെങ്കിൽ, ആ ആവശ്യത്തിനായി വായ്പക്കാരന്റെ ഓഡിറ്റർമാർക്ക് പ്രത്യേക മാൻഡേറ്റ് നൽകാൻ കമ്പനിക്ക് അവകാശമുണ്ടായിരിക്കും. എന്നിരുന്നാലും, കമ്പനി ആഗ്രഹിക്കുന്നുവെങ്കിൽ, ഫണ്ടുകളുടെ വഴിതിരിച്ചുവിടൽ/

വ്യക്തിഗത ആവശ്യങ്ങൾക്ക് ഉപയോഗിക്കൽ എന്നിവ പരിശോധിക്കുന്നതിന് വായ്പക്കാരന്റെ ചെലവിലും ബാധ്യതയിലും വായ്പക്കാരന്റെ അക്കൗണ്ടുകൾ കമ്പനിയുടെ ഇഷ്ടാനുസരണം ഏതെങ്കിലും ജീവനക്കാരൻ(ർ)/ചാർട്ടേഡ് അക്കൗണ്ടന്റ്(മാർ)/ഓഡിറ്റർ(മാർ) മുഖേന ഓഡിറ്റ് ചെയ്യിപ്പിക്കുന്നതിനുള്ള അവകാശം കമ്പനിക്കുണ്ട്. വായ്പക്കാരന്റെ ചെലവിൽ, ഫണ്ടുകളുടെ വകമാറ്റൽ/സൈഫണിംഗ്, എന്തെങ്കിലും ഉണ്ടെങ്കിൽ, പരിശോധിക്കുന്നതിനുള്ള കമ്പനിയുടെ തിരഞ്ഞെടുപ്പ്. പ്രസ്തുത ആവശ്യത്തിനായി കമ്പനിയുടെ ജീവനക്കാരൻ(ർ), ചാർട്ടേഡ് അക്കൗണ്ടന്റ്(മാർ)/ഓഡിറ്റർ (മാർ) എന്നിവർക്ക് അവരുടെ ഓഫീസ്(കൾ)/പരിസരം, കൂടാതെ അവരുടെ എല്ലാ രേഖകൾ എന്നിവയിലേക്ക് പ്രവേശിക്കാൻ വായ്പക്കാരൻ അനുവദിക്കുകയും അവർക്ക് ആവശ്യമായ വിവരങ്ങൾ/രേഖകൾ നൽകുകയും ചെയ്യേണ്ടതാണ്.

**14. LIABILITIES OF GUARANTOR:**

**ജാമ്യക്കാരന്റെ ബാധ്യതകൾ:**

a. The Guarantor hereby guarantees to the Company that in the event of the Borrower failing to pay the Instalments on the Due Dates or discharge any of his liabilities under this Loan Agreement, the Guarantor assures, undertakes and holds himself liable to the Company to pay on demand any such amounts without dispute or demur. However, any failure or delay on the part of the Company to make a demand on the occurrence of any default shall not relieve the Guarantor of liability under this Loan Agreement.

വായ്പക്കാരൻ നിശ്ചിത തീയതികളിൽ തവണകൾ അടയ്ക്കുന്നതിൽ പരാജയപ്പെടുകയോ ഈ വായ്പാ കരാറിന് കീഴിലുള്ള ഏതെങ്കിലും ബാധ്യതകൾ നിറവേറ്റുന്നതിൽ പരാജയപ്പെടുകയോ ചെയ്താൽ, തർക്കമോ തടസ്സമോ കൂടാതെ അത്തരം തുകകൾ ആവശ്യപ്പെടുമ്പോൾ നൽകുമെന്ന് ജാമ്യക്കാരൻ ഉറപ്പുനൽകുകയും ഏറ്റെടുക്കുകയും കമ്പനിക്ക് ബാധ്യസ്ഥനായിരിക്കുകയും ചെയ്യുന്നുവെന്ന് ജാമ്യക്കാരൻ ഇതിനാൽ കമ്പനിക്ക് ഉറപ്പ് നൽകുന്നു. എന്നിരുന്നാലും, ഏതെങ്കിലും വീഴ്ച സംഭവിച്ചാൽ ഒരു ആവശ്യം ഉന്നയിക്കുന്നതിൽ കമ്പനിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന ഏതെങ്കിലും പരാജയമോ കാലതാമസമോ ഈ വായ്പാ കരാറിന് കീഴിലുള്ള ബാധ്യതയിൽ നിന്ന് ജാമ്യക്കാരനെ ഒഴിവാക്കില്ല.

b. The Guarantor's liability hereunder shall be co-extensive with that of the Borrower for all amounts remaining outstanding inclusive of Instalments, interest, Penal Charges, charges, fee, costs and any other dues whatsoever payable by the Borrower to the Company under this Loan Agreement.

ഈ വായ്പാ കരാറിന് കീഴിൽ വായ്പക്കാരൻ കമ്പനിക്ക് നൽകേണ്ട ഗഡുക്കൾ, പലിശ, പിഴ ചാർജുകൾ, ചാർജുകൾ, ഫീസ്, ചെലവുകൾ, മറ്റ് കുടിശ്ശികകൾ എന്നിവയുൾപ്പെടെ കുടിശ്ശികയുള്ള എല്ലാ തുകകൾക്കും, ഇവിടെ ജാമ്യക്കാരന്റെ ബാധ്യത വായപക്കാരന്റേതിന് സമാനമായി വിപുലമായിരിക്കും.

c. The Guarantor agrees that his liability shall be that of a primary obligor and not merely as a surety and the guarantee shall not be impaired or discharged by reason of any facility or time given by the Company to the Borrower or any indulgence or forbearance shown in payment of any

dues or repayment of the said loan under this Loan Agreement or in respect of any security proposed to be created. The Guarantor further agrees that any such facility, time or indulgence granted or forbearance shown shall be deemed to have been given after due notice to and with the Guarantor's consent.

ബാധ്യത ഒരു ജാമ്യക്കാരനായി മാത്രമല്ല, പ്രാഥമിക ബാധ്യതക്കാരന്റേതായിരിക്കുമെന്നും, വായ്പക്കാരന് കമ്പനി നൽകുന്ന ഏതെങ്കിലും സൗകര്യമോ സമയമോ അല്ലെങ്കിൽ ഈ വായ്പാ കരാറിന് കീഴിലുള്ള ഏതെങ്കിലും കുടിശ്ശിക അടയ്ക്കുന്നതിലോ പ്രസ്തുത വായ്പയുടെ തിരിച്ചടവിലോ അല്ലെങ്കിൽ, സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും സെക്യൂരിറ്റിയുടെ കാര്യത്തിലോ കമ്പനി കാണിക്കുന്ന ഏതെങ്കിലും വിട്ടുവീഴ്ചയോ ക്ഷമയോ കാരണം ജാമ്യം ദുർബലമാകുകയോ ഒഴിവാക്കപ്പെടുകയോ ചെയ്യില്ലെന്നും ജാമ്യക്കാരൻ സമ്മതിക്കുന്നു. അത്തരം ഏതെങ്കിലും സൗകര്യം, സമയം അല്ലെങ്കിൽ അനുവദിച്ച സഹിഷ്ണുത അല്ലെങ്കിൽ കാണിച്ച ദാക്ഷിണ്യം എന്നിവ ജാമ്യക്കാരന്റെ സമ്മതത്തോടെയും കൃത്യമായ അറിയിപ്പിന് ശേഷവും നൽകിയതായി കണക്കാക്കുമെന്ന് ജാമ്യക്കാരൻ സമ്മതിക്കുന്നു.

d. The Company's rights against the Guarantor shall remain in full force and effect notwithstanding any arrangement which may be reached between the Company and other Guarantor, if any, or notwithstanding the release of that other's liability, the Company shall be at liberty to require the performance by the Guarantor of his obligations hereunder to the same extent in all respects as if the Guarantor had at all times been solely liable to perform the said obligations.

കമ്പനിയും മറ്റുള്ള ജാമ്യക്കാരനും തമ്മിൽ എന്തെങ്കിലും കരാറിൽ എത്തിയിട്ടുള്ളത് പരിഗണിക്കാതെ, അല്ലെങ്കിൽ ആ മറ്റൊരാളുടെ ബാധ്യതയിൽ നിന്ന് മോചനം നേടിയാലും, ജാമ്യക്കാരനെതിരായ കമ്പനിയുടെ അവകാശങ്ങൾ പൂർണ്ണ ശക്തിയിലും പ്രാബല്യത്തിലും തുടരുന്നതും ജാമ്യക്കാരൻ എല്ലായ്പ്പോഴും പ്രസ്തുത ബാധ്യതകൾ നിറവേറ്റാൻ മാത്രം ബാധ്യസ്ഥനായിരുന്നെങ്കിൽ, എല്ലാ അർത്ഥത്തിലും അതേ അളവിൽ തന്റെ ബാധ്യതകൾ നിറവേറ്റണമെന്ന് ആവശ്യപ്പെടാൻ കമ്പനിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും.

e. The Guarantor hereby agrees that without his consent/concurrence, the Borrower and the Company shall be at liberty to vary, alter, or modify the terms and conditions of this Loan Agreement and in particular defer, postpone or revise the repayment of the Loan and/or payment of interest and other monies payable by the Borrower to the Company on such terms and conditions as may be considered necessary by the Company including any increase in the rate of interest in accordance with the provisions of this Loan Agreement.

തന്റെ സമ്മതമോ/അനുമതിയോ ഇല്ലാതെ തന്നെ, വായ്പക്കാരനും കമ്പനിക്കും ഈ വായ്പാ കരാറിന്റെ നിബന്ധനകളിലും വ്യവസ്ഥകളിലും മാറ്റം വരുത്താനോ, ഭേദഗതി ചെയ്യാനോ, പരിഷ്കരിക്കാനോ പ്രത്യേകിച്ചും, വായ്പയുടെ തിരിച്ചടവോ കൂടാതെ/അല്ലെങ്കിൽ വായ്പക്കാരൻ കമ്പനിക്ക് നൽകേണ്ട പലിശയും മറ്റ് തുകകളോ മാറ്റിവെക്കാനോ, നീട്ടിവെക്കാനോ, അല്ലെങ്കിൽ പുനർനിർണയിക്കാനോ കമ്പനിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും ഈ വായ്പാ കരാറിലെ

വ്യവസ്ഥകൾക്കനുസൃതമായി പലിശ നിരക്കിൽ എന്തെങ്കിലും വർദ്ധനവ് ഉൾപ്പെടെ, കമ്പനി ആവശ്യമാണെന്ന് കരുതുന്ന അത്തരം നിബന്ധനകളിലും വ്യവസ്ഥകളിലുമായിരിക്കും ഇതെന്നും ജാമ്യക്കാരൻ ഇതിനാൽ സമ്മതിക്കുന്നു.

f. The Company shall have full liberty to exercise, without notice to the Guarantor and without in any way affecting this guarantee, at any time and in any manner any power or powers reserved to the Company under this Loan Agreement to enforce, or forbear to enforce payment of the installments or other monies due to the Company from the Borrower or any of the remedies, to enter into any composition or compound with or to grant time or any other indulgence or facility to the Borrower and the Guarantor shall not be released by the exercise by the Company of its liberty in regard to the matters referred to above or by any act or omission on the part of the Company or by any other matter or thing whatsoever which under the law relating to sureties would, but for this provision, have the effect of so releasing the Guarantors and the Guarantor hereby waives in favour of the Company so far as may be necessary to give effect to any of the provisions of this guarantee, all the suretyship and other rights which the Guarantor might otherwise be entitled to enforce.

ജാമ്യക്കാരനെ അറിയിക്കാതെയും ഈ ജാമ്യത്തെ ഒരു തരത്തിലും ബാധിക്കാതെയും, ഈ വായ്പാ കരാറിന് കീഴിൽ കമ്പനിക്ക് നിക്ഷിപ്തമായിരിക്കുന്ന ഏതെങ്കിലും അധികാരമോ അവകാശമോ, വായ്പക്കാരനിൽ നിന്നോ മറ്റേതെങ്കിലും പരിഹാരങ്ങളിൽ നിന്നോ കമ്പനിക്ക് ലഭിക്കേണ്ട ഗഡുക്കളുടെയോ മറ്റ് പണത്തിന്റെയോ പേയ്മെന്റ് നടപ്പിലാക്കുന്നതിനോ അല്ലെങ്കിൽ നടപ്പിലാക്കുന്നതിൽ നിന്ന് തടയുന്നതിനോ, വായ്പക്കാരന് സമയമോ മറ്റേതെങ്കിലും തരത്തിലുള്ള അനുവാദമോ സൗകര്യമോ നൽകുന്നതിനോ വായ്പക്കാരനും ജാമ്യക്കാരനും ഏതെങ്കിലും കോമ്പോസിഷനിലോ കോമ്പൗണ്ടിലോ ഏർപ്പെടുകയോ സമയം നൽകുകയോ മറ്റേതെങ്കിലും അനുവാദമോ സൗകര്യമോ നൽകുകയോ ചെയ്യുന്നത് മുകളിൽ പരാമർശിച്ച കാര്യങ്ങളിൽ കമ്പനി അതിന്റെ സ്വാതന്ത്ര്യം വിനിയോഗിക്കുന്നതിലൂടെയോ കമ്പനിയുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും പ്രവൃത്തിയിലൂടെയോ ഒഴിവാക്കലിലൂടെയോ ജാമ്യക്കാരുമായി ബന്ധപ്പെട്ട നിയമപ്രകാരം ചെയ്യുന്ന മറ്റേതെങ്കിലും കാര്യത്തിലൂടെയോ ഒഴിവാക്കപ്പെടുന്നില്ല, എന്നാൽ ഈ വ്യവസ്ഥയ്ക്കായി, ജാമ്യക്കാരെ അങ്ങനെ സ്വതന്ത്രമാക്കുന്നതിന്റെ ഫലമുണ്ടാകും, കൂടാതെ ജാമ്യക്കാരൻ ഇതിനാൽ ഈ ജാമ്യത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്നതുവരെ, ജാമ്യക്കാരൻ നടപ്പിലാക്കാൻ അർഹതയുള്ള എല്ലാ ജാമ്യവും മറ്റ് അവകാശങ്ങളും കമ്പനിക്ക് അനുകൂലമായി ഒഴിവാക്കുന്നു.

g. This guarantee shall be enforceable against the Guarantor not withstanding that any security or securities for the payment of the Loan shall at the time when the proceedings are taken against the Guarantor on this guarantee, be outstanding or un-realised or lost.

ഈ ജാമ്യത്തിൽ, ജാമ്യക്കാരനെതിരെ നടപടികൾ എടുക്കുന്ന സമയത്ത്, വായ്പ അടയ്ക്കുന്നതിനുള്ള ഏതെങ്കിലും സെക്യൂരിറ്റിയോ സെക്യൂരിറ്റികളോ നിലവിലുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാഥാർത്ഥ്യമാകാത്തതോ അല്ലെങ്കിൽ നഷ്ടപ്പെട്ടതോ ആണെങ്കിൽ പോലും, ജാമ്യക്കാരനെതിരെ ഈ ജാമ്യം നടപ്പിലാക്കാവുന്നതാണ്.

h. The Guarantor agrees that copy of the statement of accounts of the Company duly certified shall be binding on the Guarantor as the sums due and payable under this Loan Agreement.

യഥാവിധി സാക്ഷ്യപ്പെടുത്തിയ കമ്പനിയുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ഈ വായ്പാ കരാറിന് കീഴിൽ കുടിശ്ശികയുള്ളതും അടയ്ക്കേണ്ടതുമായ തുകകൾക്ക് ജാമ്യക്കാരൻ ബാധ്യസ്ഥനാണെന്ന് ജാമ്യക്കാരൻ സമ്മതിക്കുന്നു.

i. The Guarantor's liability hereunder shall not in any way be affected by the bankruptcy or by any petition or resolution or order for bankruptcy of the Borrower being presented, passed or made or by any change in the constitution of the Company or the Borrower.

ജാമ്യക്കാരന്റെ ബാധ്യത, വായ്പക്കാരന്റെ പാപ്പരത്തം കൊണ്ടോ, അല്ലെങ്കിൽ വായ്പക്കാരനെതിരെ പാപ്പരത്തത്തിനായി ഏതെങ്കിലും പെറ്റീഷൻ സമർപ്പിക്കുകയോ, റെസല്യൂഷൻ പാസാക്കുകയോ, ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുന്നതിലൂടെയോ, അല്ലെങ്കിൽ കമ്പനിയുടെയോ വായ്പയെടുത്തയാളുടെയോ ഘടനയിൽ എന്തെങ്കിലും മാറ്റം വരുന്നതിലൂടെയോ ഒരു തരത്തിലും ബാധിക്കപ്പെടുന്നതല്ല.

j. The Guarantor hereby agrees and declares that the Borrower will be free to avail of further loans or other facilities in addition to the Loan and/or renew the same during the subsistence of this guarantee, in which event the guarantee herein contained will not be affected or vitiated in any way whatsoever but will remain in full force and effect and bind the Guarantor.

ഈ വായ്പയ്ക്ക് പുറമേ കൂടുതൽ വായ്പകളോ മറ്റ് ഫെസിലിറ്റികളോ പ്രയോജനപ്പെടുത്താനും കൂടാതെ/അല്ലെങ്കിൽ ഈ ജാമ്യം നിലനിൽക്കുന്നിടത്തോളം കാലം അത് പുതുക്കാനും വായ്പക്കാരന് സ്വാതന്ത്ര്യമുണ്ടെന്ന് ജാമ്യക്കാരൻഇതിനാൽ സമ്മതിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ഇതിൽപ്പറഞ്ഞിരിക്കുന്ന ജാമ്യത്തെ ഒരു തരത്തിലും ബാധിക്കപ്പെടുകയോ ദുർബലപ്പെടുത്തുകയോ ഇല്ല, എന്നാൽ പൂർണ്ണ ശക്തിയിലും പ്രാബല്യത്തിലും തുടരുകയും ജാമ്യക്കാരനെ ബാധ്യസ്ഥനാക്കുകയും ചെയ്യും.

k. The Guarantor hereby agrees that it shall not be necessary for the Company to exhaust its rights or take any action against the Borrower before requiring the Guarantor to make payment under this Loan Agreement.

ഈ വായ്പാ കരാറിന് കീഴിൽ ജാമ്യക്കാരനോട് പണം അടയ്ക്കാൻ ആവശ്യപ്പെടുന്നതിന് മുമ്പ് കമ്പനി അതിന്റെ അവകാശങ്ങൾ തീർക്കുകയോ വായ്പക്കാരനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതില്ലെന്ന് ജാമ്യക്കാരൻ ഇതിനാൽ സമ്മതിക്കുന്നു.

l. The Guarantor agrees to make the payments due and payable under this guarantee when demanded by the Company notwithstanding that a dispute is pending between the Company and the Borrower in respect of any provision of this Loan Agreement or any other related or concerned document.

ഈ വായ്പാ കരാറിലെ ഏതെങ്കിലും വ്യവസ്ഥയുമായോ അല്ലെങ്കിൽ മറ്റേതെങ്കിലും അനുബന്ധ പ്രമാണവുമായോ ബന്ധപ്പെട്ട് കമ്പനിയും വായ്പക്കാരനും തമ്മിൽ ഒരു തർക്കം നിലനിൽക്കുന്നുണ്ടെങ്കിൽ പോലും, കമ്പനി

ആവശ്യപ്പെടുമ്പോൾ, ഈ ജാമ്യ പ്രകാരം അടയ്ക്കേണ്ടതും നൽകേണ്ടതുമായ പേയ്മെന്റുകൾ നിർവഹിക്കാൻ ജാമ്യക്കാരൻ സമ്മതിക്കുന്നു.

m. This guarantee shall be a continuing one and shall remain in full force and effect till such time the Borrower repays in full the loan together with all interests, penal charges, costs, charges and all other monies that may from time to time become due and payable andremaining unpaid to the Company under this Loan Agreement.

ഈ ജാമ്യം തുടരുന്ന ഒന്നായിരിക്കും, കൂടാതെ വായ്പക്കാരൻ എല്ലാ പലിശകളും, പിഴ ചാർജുകളും, മറ്റു ചെലവുകളും, ചാർജുകളും, കാലാകാലങ്ങളിൽ കമ്പനിക്ക് കുടിശ്ശികയുള്ളതു നൽകേണ്ടതും അടയ്ക്കാത്തതുമായ മറ്റ് എല്ലാ തുകയും സഹിതം വായ്പ പൂർണ്ണമായും തിരിച്ചടയ്ക്കുന്നതുവരെ പൂർണ്ണ പ്രാബല്യത്തിൽ തുടരുന്നതുമാണ്.

n. The Guarantor agrees that notwithstanding any defect in or invalidation of this Loan Agreement and/ or incomplete documents or writings, this guarantee shall be valid and operative and the Guarantor shall not be discharged from his liability hereunder except by performance of this guarantee.

ഈ വായ്പ കരാറിലെ ഏതെങ്കിലും പോരായ്മയോ അസാധുവാക്കലോ കൂടാതെ/അല്ലെങ്കിൽ അപൂർണ്ണമായ രേഖകളിലോ എഴുത്തുകളിലോ ഉള്ളത് പരിഗണിക്കാതെ തന്നെ, ഈ ജാമ്യം സാധുതയുള്ളതും പ്രവർത്തനക്ഷമവുമാകുമെന്നും ഈ ജാമ്യം നടപ്പിലാക്കുന്നതിലൂടെയല്ലാതെ ജാമ്യക്കരനെ തന്റെ ബാധ്യതയിൽ നിന്ന് മുക്തനാകില്ലെന്നും ജാമ്യക്കാരൻ സമ്മതിക്കുന്നു.

o. This guarantee shall not be wholly or partially satisfied or exhausted by any payment made to or settled with the Company by the Borrower and shall be valid and binding on the Guarantor and operative until Repayment in full of all the monies due to the Company under this Loan Agreement.

ഈ ജാമ്യം, ജാമ്യക്കാരൻ കമ്പനിക്ക് നൽകുന്നതോ അല്ലെങ്കിൽ തീർപ്പാക്കുന്നതോ ആയ ഏതൊരു പേയ്മെന്റ് വഴിയും പൂർണ്ണമായോ ഭാഗികമായോ തീർപ്പാക്കുകയോ അവസാനിക്കുകയോ ചെയ്യുന്നതല്ല. കൂടാതെ, ഈ വായ്പാ കരാർപ്രകാരം കമ്പനിക്ക് ലഭിക്കേണ്ട എല്ലാ തുകകളും പൂർണ്ണമായി തിരിച്ചടയ്ക്കുന്നതുവരെ, ഇത് ജാമ്യക്കാരന് സാധുവായും ബാധകമായും നിലനിൽക്കുന്നതുമാണ്.

p. This guarantee shall be irrevocable and shall be in full force and effect notwithstanding that the Company may have obtained any other guarantee, corporate or personal; to secure the Loan till such time all the dues of the Company including repayment of the Loan along with interest and all other expenses and dues are paid by the Borrower. This guarantee shall be binding upon the Guarantor's heirs, executors and administrators.

വായ്പയുടെ തിരിച്ചടവ്, പലിശ എന്നിവയുൾപ്പെടെ കമ്പനിയുടെ എല്ലാ കുടിശ്ശികകളും മറ്റ് എല്ലാ ചെലവുകളും കുടിശ്ശികകളും വായ്പക്കാരൻ അടയ്ക്കുന്നതുവരെ വായ്പ ഉറപ്പാക്കുന്നതിന് കമ്പനി മറ്റേതെങ്കിലും കോർപ്പറേറ്റ് അല്ലെങ്കിൽ വ്യക്തിഗത ജാമ്യം നേടിയിട്ടുണ്ടെങ്കിൽപ്പോലും അത് പരിഗണിക്കാതെ, ഈ ജാമ്യം പിൻവലിക്കാൻ കഴിയാത്തതും പൂർണ്ണ പ്രാബല്യത്തിൽ വരുന്നതുമായിരിക്കും. ഈ ജാമ്യം ജാമ്യക്കാരന്റെ അവകാശികൾ, എക്സിക്യൂട്ടീവുകൾ, അഡ്മിനിസ്ട്രേറ്റർമാർ എന്നിവർക്ക് ബാധകമായിരിക്കും.

q. The Guarantor agrees, at the request of the Company, to sign, seal, execute and deliver any deed or other documents that may be necessary or required by the Company, in connection with the Guarantors liability hereunder or the enforcement thereof

കമ്പനിയുടെ അഭ്യർത്ഥനപ്രകാരം, ജാമ്യക്കാരന്റെ ബാധ്യതയുമായി ബന്ധപ്പെട്ടോ അല്ലെങ്കിൽ അതിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ടോ കമ്പനിക്ക് ആവശ്യമായതോ ആവശ്യപ്പെടുന്നതോ ആയ ഏതെങ്കിലും പ്രമാണങ്ങൾ അല്ലെങ്കിൽ മറ്റ് രേഖകളിൽ ഒപ്പിടാനും, സീൽ ചെയ്യാനും, നടപ്പിലാക്കാനും, കൈമാറാനും ജാമ്യക്കാരൻ സമ്മതിക്കുന്നു.

r. The absence or infirmity of borrowing powers on the part of the Borrower or any irregularity in the exercise thereof shall not affect the Guarantor's liability and any moneys advanced/lent to the Borrower by the Company shall be deemed to be due and owing notwithstanding such absence, infirmity or irregularity

വായ്പക്കാരന്റെ ഭാഗത്തുനിന്നുള്ള വായ്പ ലഭ്യമാക്കുന്നതിനുള്ള അധികാരത്തിന്റെ അഭാവമോ ബലഹീനതയോ അല്ലെങ്കിൽ അത് വിനിയോഗിക്കുന്നതിലെ ഏതെങ്കിലും ക്രമക്കേടോ ജാമ്യക്കാരന്റെ ബാധ്യതയെ ബാധിക്കില്ല, കൂടാതെ കമ്പനി വായ്പക്കാരന് മുൻകൂർ നൽകിയ/വായ്പ നൽകിയ ഏതെങ്കിലും പണം അത്തരം അഭാവമോ ബലഹീനതയോ ക്രമക്കേടോ ഉണ്ടായിരുന്നിട്ടും കുടിശ്ശികയുള്ളതായി കണക്കാക്കും.

s. The Guarantor further agrees and undertakes to pay to the Company all legal costs occasioned to Company by reason of omission, default in repayment by the Borrower and in case of legal costs, also the costs of enforcement or attempted enforcement of any security in favour of the Company against the loan or the costs which may incur by the Company being joined in any proceeding either with or without others in connection with any such security or any proceeds thereof.

വായ്പക്കാരന്റെ തിരിച്ചടവ് മുടങ്ങിയതിനാലോ, നിയമപരമായ ചെലവുകൾ ഉണ്ടായതിനാലോ കമ്പനിക്ക് ഉണ്ടാകുന്ന എല്ലാ നിയമപരമായ ചെലവുകളും, വായ്പയ്ക്കെതിരെ കമ്പനിക്ക് അനുകൂലമായി ഏതെങ്കിലും സെക്യൂരിറ്റി നടപ്പിലാക്കുന്നതിനോ നടപ്പിലാക്കാൻ ശ്രമിക്കുന്നതിനോ ഉള്ള ചെലവുകൾ അല്ലെങ്കിൽ അത്തരം സെക്യൂരിറ്റിയുമായോ അതുമായി ബന്ധപ്പെട്ട വരുമാനവുമായോ ബന്ധപ്പെട്ട മറ്റുള്ളവയുമായി ബന്ധപ്പെട്ടോ അല്ലാതെയോ കമ്പനിക്ക് ഉണ്ടാകാവുന്ന ചെലവുകൾ എന്നിവ കമ്പനിക്ക് നൽകാമെന്ന് ജാമ്യക്കാരൻ സമ്മതിക്കുകയും ഏറ്റെടുക്കുകയും ചെയ്യുന്നു.

t. The Guarantors agree and understand that the Guarantors shall not be entitled to delay the payment of the guaranteed amounts for any reason whatsoever or raise/look into or consider any controversy, question or dispute which may arise between the Company and Borrower as regard to the terms and conditions of the said Loan Agreement or the liability and/or payment of the amounts due thereunder

ഉറപ്പുനൽകിയ തുകകളുടെ പേയ്മെന്റ് ഒരു കാരണവശാലും വൈകിപ്പിക്കാനോ കമ്പനിയും വായ്പക്കാരനും തമ്മിൽ മേൽപറഞ്ഞ വായ്പാ കരാറിന്റെ നിബന്ധനകളും വ്യവസ്ഥകളും അല്ലെങ്കിൽ ബാധ്യതയും/അല്ലെങ്കിൽ തുകകളുടെ പേയ്മെന്റും സംബന്ധിച്ച് ഉണ്ടാകാവുന്ന ഏതെങ്കിലും തർക്കം, ചോദ്യം അല്ലെങ്കിൽ തർക്കം

ഉന്നയിക്കാനോ/പരിശോധിക്കാനോ പരിഗണിക്കാനോ ജാമ്യക്കാർക്ക് അവകാശമില്ലെന്ന് ജാമ്യക്കാർ സമ്മതിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു.

u. The obligations of the Guarantor as set out in this Clause shall survive the termination of this Agreement pursuant to Clause 11 and 12 (Termination and Company's Other Rights). The covenants, undertakings and liabilities of the Guarantor shall remain in full force and effect unless and until such time as all amounts due to the Company by the Borrower and all amounts due hereunder have been completely and duly paid to the Company to the complete and absolute satisfaction of the Company and the Company has in writing discharged the Borrower; however, if the obligations of the Guarantor under this Deed cease to be continuing for any reason, the liability of the Guarantor at the date of such cessation shall remain, regardless of any subsequent increase or reduction in the obligations of the Borrower under the Loan Documents.

ഈ വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്നതുപ്രകാരം ജാമ്യക്കാരന്റെ ബാധ്യതകൾ, വ്യവസ്ഥ 11, 12 എന്നിവ (കമ്പനിയുടെ മറ്റ് അവകാശങ്ങളും അവസാനിപ്പിക്കലും) അനുസരിച്ച് ഈ കരാർ അവസാനിച്ചതിനുശേഷവും നിലനിൽക്കും. വായ്പക്കാരൻ കമ്പനിക്ക് നൽകേണ്ട എല്ലാ തുകയും ഇതനുസരിച്ച് നൽകേണ്ട എല്ലാ തുകയും കമ്പനിയുടെ പൂർണ്ണമായ സംതൃപ്തിയിലും യഥാവിധി നൽകുകയും കമ്പനി വായ്പാക്കാരനെ രേഖാമൂലം മുക്തനാക്കുകയും ചെയ്യുന്നതുവരെ ജാമ്യക്കാരന്റെ ഉടമ്പടികൾ, ഉറപ്പുകൾ, ബാധ്യതകൾ എന്നിവ പൂർണ്ണ ബലത്തിലും പ്രാബല്യത്തിലും തുടരും; എന്നിരുന്നാലും, ഈ പ്രമാണത്തിന് കീഴിലുള്ള ജാമ്യക്കാരന്റെ ബാധ്യതകൾ ഏതെങ്കിലും കാരണത്താൽ തുടരുന്നത് അവസാനിപ്പിച്ചാൽ, അത്തരം വിരാമ തീയതിയിലെ ജാമ്യക്കാരന്റെ ബാധ്യത, വായ്പ പ്രമാണങ്ങൾ പ്രകാരം വായ്പക്കാരന്റെ ബാധ്യതകളിൽ തുടർന്നുള്ള വർദ്ധനവോ കുറവോ കണക്കിലെടുക്കാതെ തുടരുന്നതാണ്.

**15. INSURANCE:**

**ഇൻഷുറൻസ് :**

a. At the request of the Borrower, the Company may at its own discretion also finance the insurance premium of an insurance policy insuring the Borrower against various risks including without limitation the risks of personal accident, accidental hospitalization, Outstanding Dues to the Company and/or critical illness provided that such insurance policy has been taken out by the Company on behalf of the Borrower from an insurance company approved by theCompany with a specific instruction and authority by the Borrower to such insurance company that in case of any loss, the loss will be paid to the Company by such insurance company. The Borrower hereby irrevocably authorises the Company to claim insurance proceeds and appropriate the same thereof against the amount due and payable under this Agreement. The insurance premium paid by the Company on behalf of the Borrower shall be added as the principal amount to the Loan granted herein and shall from part of the Loan. The insurance premium being a part of Loan may be disbursed by the Company directly to such an insurance company approved by the Company and such disbursement shall be deemed to be disbursement to the Borrower.

